www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 43 | 2017 NOV 04 | ₹10



# ഐസിസും
# മുസ്‌ലിം സംഘടനകളും തമ്മിലെന്ത്?!

**നാശത്തിലേക്ക് നയിക്കുന്ന മദ്യവും ചൂതാട്ടവും**

പ്രവാചകന്മാരും പ്രബോധനവും || സുപ്രധാനമായ ചില വിശ്വാസ കാര്യങ്ങൾ

ഇന്റർനെറ്റ് വലയിൽ കുരുങ്ങിയ കൗമാരം || അസമിലെ നിയമനിർമാണം നൽകുന്ന മുന്നറിയിപ്പ്

# WISDOM BOOKS

**PUBLISHING ■ DISTRIBUTION**

E.K.P. Building, Calicut
web:www.wisdomislam.org
E-mail: publication@wisdomilsam.org
04954019437, 9207525244

## ഉടൻ പുറത്തിറങ്ങുന്നു...

1. ഖാലിദ് ബിൻ വലീദ്: അബ്ദുൽ ഹഖ് സുല്ലമി
2. തജ്‌വീദ് നിയമങ്ങൾ: മുഹമ്മദ് ഷാ മൗലവി
3. സമസ്ത: ചരിത്രവും ആദർശവും: മൂസ സ്വലാഹി
4. പ്രവാചകന്മാരുടെ ചരിത്രം അമാനി മൗലവി (ക്രോഡീകരണം: ഫസീന ബിൻത് അഹ്മദ്)
5. നമസ്കാരത്തിലെ പ്രാർഥനകൾ, പ്രകീർത്തനങ്ങൾ (പരിഷ്‌കരിച്ച രണ്ടാം പതിപ്പ്)

## കോപ്പികൾ ഉറപ്പ് വരുത്തുക

## വിസ്ഡം ബുക്സിന്റെ പുതിയ ഉപഹാരം....
## ഷാർജ ഇന്റർനാഷണൽ ബുക്ക് ഫെയറിൽ പുറത്തിറങ്ങുന്നു...




# ഹദീസ്
## ചരിത്രവും പ്രാമാണികതയും
### കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ പെട്ട ഹദീസുകളുടെ ചരിത്രവും പ്രാമാണികതയും ഇസ്‌ലാം വിമർശകരുടെ ദുരാരോപണങ്ങൾക്ക് ഏറെ വിധേയമായ കാര്യങ്ങളാണ്. ഹദീസ് ഇല്ലാതെ ഇസ്‌ലാമില്ല. ഹദീസിന്റെ പ്രമാണികതയും ക്രോഡീകരണ ചരിത്രവും ചുരുക്കി വിവരിക്കുന്ന കൃതി.

നേർപഥം
വാരിക

0043 / 2017 നവംബർ 04 / 1439 സഫർ 15 / പുസ്തകം 01 / ലക്കം 43





# ഐസിസും മുസ്‌ലിം സംഘടനകളും തമ്മിലെന്ത്?!


പി.വി.എ പ്രിംറോസ് / 10

**മുഖമൊഴി**
അന്യായമായി ആരും ഉപദ്രവിക്കപ്പെടരുത് / 05
എഡിറ്റർ

**ലേഖനങ്ങൾ**

സ്വയംഭൂ സിദ്ധാന്തത്തിലെ നിരർഥകത / 16
മുഹമ്മദ് അജ്മൽ. സി

സുപ്രധാനമായ ചില വിശ്വാസ കാര്യങ്ങൾ / 30
ശഹീറുദ്ദീൻ ചുഴലി

**ബാലപഥം**
യഥാർഥ കൂട്ടുകാരൻ / 18
റാഷിദ ബിൻത് ഉസ്മാൻ

**കവിത**
അനുഗ്രഹങ്ങൾ / 19
ഹസീന ബിൻത് സുലൈമാൻ, ചെമ്മനാട്

**ചരിത്രപഥം**
യുക്തിഭദ്രമായ ഇടപെടൽ / 20
ഹുസൈൻ സലഫി, ഷാർജ

**ശാന്തിഗേഹം**
'ഇന്റർനെറ്റ്'വലയിൽ കുരുങ്ങിയ കൗമാരം / 24
പ്രൊഫ: ഹാരിസ്ബിൻ സലീം

**ക്വുർആൻ പഠനം**
നാശത്തിലേക്ക് നയിക്കുന്ന മദ്യവും ചൂതാട്ടവും / 26
ശമീർ മദീനി

**സമകാലികം**
അസമിലെ നിയമനിർമാണം നൽകുന്ന മുന്നറിയിപ്പ് / 27
ടി.കെ.അശ്റഫ്


**പാരന്റിംഗ്**
കുട്ടികളോടൊപ്പം സമയം ചെലവഴിക്കുക / 28
അശ്റഫ് എകരൂൽ

**ഹദീസ് പാഠം**
അന്നദാതാവിനോട് നന്ദികാണിക്കുക / 34
ഉസ്മാൻ പാലക്കാഴി



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു




### ഓട്ടക്കലം കൊണ്ട് സൂര്യനെ മറച്ചുപിടിക്കാമോ?

'നേർപഥം' ലക്കം 42 ലെ വിഭവങ്ങളെല്ലാം പഠനാർഹവും ആസ്വാദ്യകരവുമായിരുന്നു. മതസംഘടനകളും രാഷ്ട്രീയ ഇടപെടലുകളും എന്ന ലേഖനം സന്ദർഭോചിതമായി. മറ്റു പല പാർട്ടികളിലുമെന്ന പോലെ മുസ്‌ലിം ലീഗിലും മുജാഹിദുകൾ പ്രവർത്തിക്കുന്നുണ്ട് എന്നത് ആർക്കും നിഷേധിക്കാനാവില്ല. ലീഗ് കേരളത്തിലെ ഏതെങ്കിലും മതസംഘടനയുടെ സംരക്ഷണാർഥം ഉണ്ടാക്കിയതല്ല. ഏതെങ്കിലുമൊരു മതസംഘടനയിൽ പെട്ടവർക്കേ അതിന്റെ നേതൃത്വം വഹിക്കുവാനും അതിന്റെ പ്രവർത്തകരായി മാറുവാനും അവകാശമുള്ളൂ എന്നൊന്നും അതിന്റെ ഭരണഘടനയിൽ എഴുതിവെച്ചിട്ടില്ല. അത് ഒരു പൊതു ഫ്ളാറ്റ് ഫോമാണ്. എന്നിരിക്കെ പ്രസ്തുത പാർട്ടിയുടെ നേതാക്കളിലാരെങ്കിലും മുജാഹിദ് പ്രസ്ഥാനത്തെയോ പ്രവർത്തകരെയോ സംബന്ധിച്ച് നല്ല വാക്കു പറഞ്ഞാൽ അത് പാർട്ടിയെ മുജാഹിദ് പ്രസ്ഥാനത്തിന്റെ ആലയിൽ കെട്ടുവാനുള്ള ശ്രമമാണെന്ന് പുലമ്പുന്നവർ ആ ലേഖനം മനസ്സിരുത്തി ഒരാവർത്തി വായിക്കുന്നത് നല്ലതാണ്.

സുന്നിയും മുസ്‌ലിം ലീഗിന്റെ അമരക്കാരനുമായിരുന്ന ബാഫഖി തങ്ങളെക്കുറിച്ച് അദ്ദേഹത്തിന്റെ സ്മരണികയിൽ എഴുതിയ വരികൾ ലേഖകൻ ഉദ്ധരിച്ചത് വളരെ നന്നായി. "മതപരമായ കാര്യങ്ങളിൽ അദ്ദേഹം ഒരു തികഞ്ഞ സുന്നിയായിരുന്നുവെന്ന് വരികിലും വിശ്വാസപരമായി താനുമായി അഭിപ്രായ ഭിന്നതയുള്ളവരോട് അദ്ദേഹം തികച്ചും വിശാല മനസ്കതയോടും സഹിഷ്ണുതയോടും കൂടിത്തന്നെ എപ്പോഴും പെരുമാറിയിരുന്നു. മുജാഹിദ് വിഭാഗത്തിലെ ഉന്നത പണ്ഡിതന്മാരായ മർഹും കെ.എം. മൗലവി സാഹിബ്, ഇ.കെ. മൗലവി സാഹിബ് തുടങ്ങിയവരെ അദ്ദേഹം അങ്ങേയറ്റം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നതായി എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. വിട്ടുവീഴ്ചയില്ലാത്തൊരു മുജാഹിദായ എം.കെ. ഹാജി സാഹിബ് അദ്ദേഹത്തിന്റെ ഒരാത്മമിത്രമായിരുന്നു. ഖുതുബ പരിഭാഷ, മതത്തിൽ കടന്നുകൂടിയിട്ടുള്ള ശിർക്കുപരമായ കാര്യങ്ങൾ എന്നിവയിൽ അദ്ദേഹത്തിന്ന് മുജാഹിദുകളോട് യോജിപ്പുണ്ടായിരുന്നു. മുജാഹിദുകൾ നടത്തുന്ന ഒരു സ്ഥാപനമായിട്ട് കൂടി തിരൂരങ്ങാടി യതീംഖാനയുടെ കാര്യത്തിൽ അദ്ദേഹം പ്രത്യേകം താൽപര്യം പ്രകടിപ്പിച്ചിരുന്നു."

സമസ്തയിലെ ചില നേതാക്കൾക്ക് ഈയൊരു ഗുണം നഷ്ടപ്പെട്ടിരിക്കുന്നു. സ്വാർഥതയും പക്ഷപാതിത്വവുമാണ് അവരെ ഭരിച്ചുകൊണ്ടിരിക്കുന്നത്. ഓട്ടക്കലം കൊണ്ട് സൂര്യനെ മറച്ചു പിടിക്കാമെന്ന് വ്യാമോഹിക്കുന്നവരാണവർ എന്നേ പറയാനുള്ളൂ. വെളിച്ചം പരക്കുക തന്നെ ചെയ്യും. യാഥാർഥ്യത്തോട് പുറംതിരിഞ്ഞു നിൽക്കുന്നവർ ബഹുദൂരം പിന്നിലായിപ്പോകുമെന്നതിന് കാലം സാക്ഷിയാണ്. ലേഖകൻ സുഫ്‌യാൻ അബ്ദുസ്സലാമിന് അഭിനന്ദനങ്ങൾ.

**-മുഹമ്മദ് നബീൽ, വളാഞ്ചേരി**

### ആത്മീയ ചൂഷണങ്ങൾക്ക് അറുതിയുണ്ടാകണം

ആത്മീയ ചൂഷണത്തിനെതിരെ നിരന്തരം കലഹിച്ചുകൊണ്ടിരിക്കുന്ന നേർപഥത്തിന് അഭിനന്ദനങ്ങൾ. ഓരോരോ തട്ടിപ്പുമായി ചൂഷകർ പ്രത്യക്ഷപ്പെടുമ്പോൾ ഓടിച്ചെന്ന് തല വെച്ചുകൊടുക്കുന്നവരെ പടുവിഡ്ഢികൾ എന്ന് ഞാൻ വിളിക്കട്ടെ. എത്ര അപകടത്തിൽ പെട്ടാലും വീണ്ടും അതിൽ ചെന്ന് ചാടുന്നവരെ വേറെന്തു വിളിക്കാൻ?!

ഏറെ ലാഭകരം എന്ന് മാത്രമല്ല, നഷ്ടത്തിന് യാതൊരു സാധ്യതയുമില്ലാത്ത ബിസിനസ്സാണിന്ന് ആത്മീയരംഗത്തെ ചൂഷണോപാധികൾ. ലക്ഷങ്ങളും കോടികളുമൊക്കെ കുറഞ്ഞ സമയംകൊണ്ട് കൊയ്തെടുക്കാവുന്ന വ്യവസായം.

യുക്തിയും വിവേകവുള്ള മനുഷ്യൻ തന്റെ ആത്മാവിനെ നിരർഥകവും വിനാശകരവുമായ അടിമത്തത്തിലേക്ക് നയിക്കുന്ന തരത്തിൽ അകപ്പെട്ടുപോകുന്ന 'കൺകണ്ട ദൈവ'സിദ്ധാന്തം അത്യധികം പ്രതിലോമകമായ മനസ്ഥിതിയുടെ പ്രഖ്യാപനംതന്നെയാണ്.

**-മൻസൂറലി. കെ. പി, ചാവക്കാട്**

# അന്യായമായി ആരും ഉപദ്രവിക്കപ്പെടരുത്

ഒരു വാക്ക് മതി അന്യന്റെ അഭിമാനത്തെ നശിപ്പിക്കാൻ. നഷ്ടപ്പെട്ട അഭിമാനം വീണ്ടെടുക്കൽ ദുഷ്‌കരമാണ്. എന്തെങ്കിലും ഭൗതിക താൽപര്യത്തിന്റെ പേരിൽ അല്ലെങ്കിൽ വ്യക്തി വിരോധത്തിന്റെ പേരിൽ അന്യന്റെ അഭിമാനം കശക്കിയെറിയാൻ കച്ചകെട്ടി ഇറങ്ങുന്നവർ എമ്പാടുമുണ്ട്. സർവശക്തനായ അല്ലാഹുവിന്റെ ശിക്ഷ ഭയപ്പെടുന്നവർ അതിൽ നിന്ന് ഒഴിവാകേണ്ടതുണ്ട്.

ഒരാളും അന്യായമായി ഉപദ്രവിക്കപ്പെട്ടുകൂടാ എന്ന് ഇസ്‌ലാം നിഷ്‌കർഷിക്കുന്നു. വാക്കുകൊണ്ടും നോക്കുകൊണ്ടും കൈകാലുകൾകൊണ്ടുമൊന്നും ഒരു സത്യവിശ്വാസി ഒരാളെയും ഉപദ്രവിക്കുവാൻ പാടില്ല. താൻ ഒരു നിലയ്ക്കും ഉപദ്രവിക്കപ്പെട്ടുകൂടാ എന്ന് ആഗ്രഹിക്കുന്നവൻ അതേ ആഗ്രഹം എല്ലാവർക്കുമുണ്ടെന്ന് മനസ്സിലാക്കണം.

നാവ് വലിയ ഒരനുഗ്രഹമാണ്. അത് ഒരായുധവുമാണ്. അതിനെ സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ പ്രത്യാഘാതം ഗുരുതരമായിരിക്കും. നാവിനെ സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിലുണ്ടാകുന്ന ദോഷം മനസ്സിലാക്കാത്തതുകൊണ്ടായിരിക്കാം പലരിലും ഏഷണി, പരദൂഷണം, പരിഹാസം, പരനിന്ദ, കളവ് തുടങ്ങിയ ദുർഗുണങ്ങൾ കാണപ്പെടുന്നു. ഇത്തരത്തിൽ അന്യന്റെ അഭിമാനത്തെ വ്രണപ്പെടുത്തുകയോ വിഷമിപ്പിക്കുകയോ ചെയ്തിട്ടുള്ളവർ ആരെയാണോ അങ്ങനെ ചെയ്തത് അവരെ നേരിൽകണ്ട് മാപ്പ് ചോദിക്കണമെന്നും ശേഷം സ്രഷ്ടാവിനോട് പശ്ചാത്തപിക്കണമെന്നുമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അല്ലാത്തപക്ഷം അന്ത്യനാളിൽ അവന്റെ അവസ്ഥ ദയനീയമായിരിക്കുമെന്നാണ് പ്രവാചക വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നത്.

അബൂഹുറയ്‌റ ﷺ യിൽനിന്ന് നിവേദനം: നബി ﷺ ചോദിച്ചു: "പാപ്പരായവർ ആരാണെന്ന് അറിയുമോ?" സ്വഹാബികൾ പറഞ്ഞു: "പണവും വിഭവങ്ങളും ഇല്ലാത്തവനാണ് പാപ്പരായവൻ." നബി ﷺ പറഞ്ഞു: "എന്റെ സമുദായത്തിലെ പാപ്പരായവൻ ഇവനാണ്-നമസ്‌കാരവും നോമ്പും സകാത്തുമായി അവൻ വരും. പക്ഷേ, അവൻ ഒരുത്തനെ ശകാരിച്ചിരിക്കും. മറ്റൊരുത്തനെപ്പറ്റി ദുഷ്പ്രരാതി പറഞ്ഞിരിക്കും. വേറൊരുത്തന്റെ സ്വത്ത് തിന്നിരിക്കും. മറ്റൊരുത്തന്റെ രക്തം ചിന്തിയിരിക്കും. അങ്ങനെ അവർക്കൊക്കെ അവന്റെ പുണ്യങ്ങളെടുത്തുകൊടുക്കും. അവന്റെ കടം തീരുന്നതിന് മുമ്പ് പുണ്യം കഴിഞ്ഞുപോയാൽ അവരുടെ പാപമെടുത്ത് ഇവന് കൊടുക്കും. അങ്ങനെ അവൻ നരകത്തിൽ തള്ളപ്പെടും" (മുസ്‌ലിം).

മറ്റൊരാളെ പരിഹസിക്കുന്നതും ചീത്തപ്പേര് വിളിക്കുന്നതും കടുത്ത ദ്രോഹമാണെന്ന് ക്വുർആൻ പഠിപ്പിക്കുന്നുണ്ട്.

ഒരാൾക്ക് മാനഹാനിയുണ്ടാക്കുന്ന വാക്കുപറഞ്ഞാൽ നീണ്ടുനിൽക്കുന്ന വാശിക്കും വക്കാണത്തിനും പിണക്കത്തിനും അത് കാരണമായേക്കും. അതുകൊണ്ടുതന്നെ സൂക്ഷിച്ച് സംസാരിക്കണം. ഊഹത്തിന്റെ അടിസ്ഥാനത്തിൽ ദോഷം ആരോപിക്കരുത്. ക്വുർആൻ പറയുന്നു:

"സത്യവിശ്വാസികളേ, ഊഹത്തിൽനിന്ന് മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിപ്പ് പറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളിൽ ആരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു" (49:12).

'ശവം തിന്നുക' എന്ന ശക്തമായ ഉപമയിൽനിന്നുതന്നെ ഒരാളുടെ അസാന്നിധ്യത്തിൽ അയാളെക്കുറിച്ച് കുറ്റം പറയുന്നതിന്റെ ഗൗരവം ബോധ്യമാണ്.

കാര്യങ്ങൾ ചുഴിഞ്ഞന്വേഷിക്കുകയും എന്നിട്ട് അത് നാട്ടിൽ പാട്ടാക്കി കുഴപ്പമുണ്ടാക്കുകയും ചെയ്യുന്ന പലരും അതിന്റെ ഗൗരവം മനസ്സിലാക്കാറില്ല എന്നതാണ് വസ്തുത. ഒരു യഥാർഥ മുസ്‌ലിം ഈ ദുർഗുണങ്ങളിൽ നിന്നെല്ലാം മുക്തനായിരിക്കേണ്ടതുണ്ട്. ●

പി.വി.എ പ്രിംറോസ്
anilprimrose@gmail.com





**വിമർശകരുടെ തലയരിഞ്ഞും സ്വന്തത്തേതല്ലാത്ത മുഴുവൻ സംഹരിച്ചും മതപ്രമാണങ്ങളിൽ വിശ്വസിക്കുന്ന മുഴുവൻ പേരുടേയും മനസ്സിൽ തീ കോരിയിട്ട് സമൂഹത്തിൽ കിനാവള്ളി പോലെ പടർന്നുകയറുകയാണ് ഭീകരവാദ സംഘടനയായ ഐസിസ്. ഐസിസ് വാർത്തകളിൽ മലയാളമഷി പുരളുമ്പോഴെല്ലാം അതിനെ ഏതെങ്കിലുമൊരു സംഘടനയോട് ചേർത്തിപ്പറയാൻ ചില മാധ്യമങ്ങൾക്ക് അനൽപമായ വ്യഗ്രതയാണ്. എന്താണ് ഇതിന് പിന്നിലെ ചേതോവികാരം? ആരാണ് ഐസിസിനെ ചെല്ലും ചെലവും കൊടുത്തു വളർത്തുന്നത്? വസ്തുനിഷ്ഠമായ അന്വേഷണം.**

# ഐസിസും മുസ്‌ലിം സംഘടനകളും തമ്മിലെന്ത്?!

മാലിവനിതകൾ വഴി ഇന്ത്യയുടെ ക്രയോജനിക് സാങ്കേതികവിദ്യ പാക്കിസ്ഥാനിനും ഡഞ്ഘ ഏവിയേഷൻ വഴി വികാസ് എഞ്ചിന്റെ സാങ്കേതിക വിദ്യ റഷ്യക്കും കൈമാറി എന്ന പേരിൽ വർഷങ്ങളോളം പീഡിപ്പിച്ച് ജയിലിലടക്കുകയും ചാരപ്രവർത്തനങ്ങളുടെ അപസർപ്പകകഥകൾ രചിച്ച് മാധ്യമങ്ങളും ഭരണകൂടവും വേട്ടയാടുകയും ചെയ്ത മുൻ ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ സീനിയർ എഞ്ചിനീയർ നമ്പി നാരായണന്റെ ആത്മകഥയായ 'ഓർമകളുടെ ഭ്രമണപഥത്തി'ന്റെ പ്രകാശനം ഒക്ടോബർ 26ന് നടന്നപ്പോൾ അതിൽ ചർച്ചയായ ഒരു പ്രധാന വിഷയമായിരുന്നു പോലീസുകാർ അദ്ദേഹത്തെ ചോദ്യം ചെയ്ത രീതി.

സുഹൃത്തായ ഒരു മുസ്‌ലിമിന്റെ പേര് പറയാനാവശ്യപ്പെടുകയും വെറ്ററിനറി സർജൻ അബൂബക്കറിന്റെ പേര് പറയുകയും ചെയ്ത നമ്പി നാരായണനോട്, പാക്കിസ്ഥാന് കൈമാറിയ ഐ.എസ്.ആർ.ഒയുടെ ഡോക്യുമെന്റ്സിൽ ഏതെല്ലാമാണ് അബൂബക്കറിന്റെ കയ്യിൽ കൊടുത്തേൽപിച്ചത് എന്ന് അന്വേഷിച്ചപ്പോഴാണ് പോലീസ് തയ്യാറാക്കാനിരിക്കുന്ന തിരക്കഥയുടെ പൂർണ രൂപം അദ്ദേഹത്തിന് ബോധ്യപ്പെട്ടത്.

രാജ്യം ഏറെ ആദരിക്കുന്ന മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൽ കലാമിന്റെയും ഇന്ത്യൻ സ്‌പേസ് റിസേർച്ച് ഓർഗനൈസേഷൻ തലവൻ യു.ആർ. റാവുവിന്റെയും കൂടെ ജോലി ചെയ്യുകയും രാജ്യത്തിന് ഒട്ടേറെ സംഭാവനകൾ നൽകുകയും ചെയ്ത ഒരു ശാസ്ത്രജ്ഞനെ പാകിസ്ഥാൻ ചാരസംഘടനയുമായി ബന്ധിപ്പിക്കാൻ കേരള പോലീസ് സ്വീകരിച്ച തന്ത്രങ്ങളെ കുറിച്ച് കേട്ടപ്പോൾ കേരളത്തിൽ പുതുതായി നടന്ന തീവ്രവാദ പലായനങ്ങളെയും അതിനോട് ഉത്തരവാദപ്പെട്ടവർ സ്വീകരിക്കുന്ന നിലപാടുകളെയും കുറിച്ച് അറിയാതെ ആലോചിച്ചു പോയി.

ലോകത്ത് ഇന്നുള്ളതിൽ വെച്ചേറ്റവും വലിയ തീവ്രവാദ സംഘടനയാണ് ഐ.എസ്.ഐ.എസ്. തീർച്ചയായും അതിൽ മെമ്പർമാരാവാൻ കച്ച കെട്ടിയിറങ്ങിയവരെ ഏറ്റവും കഠിനമായും മാതൃകാപരമായും ശിക്ഷിക്കണമെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. എന്നാൽ കേരളത്തിൽനിന്നടക്കം ഇങ്ങനെ പിടികൂടിയവർക്ക് സൈദ്ധാന്തിക അടിത്തറ സ്ഥാപിച്ചു നൽകാൻ ശ്രമിക്കുകയും സംഘടനാ ലേബൽ പതിച്ച് കൊടുക്കുകയും ചെയ്യുന്നത് ഏത് 'മുഖ്യധാരാ' മാധ്യമങ്ങളായാലും അത് തീവ്രവാദത്തിന് വളംവെക്കലും യഥാർഥ പ്രതികളെ സംരക്ഷിക്കാനുള്ള ബോധപൂർവ ശ്രമങ്ങൾക്ക് കരുത്ത് പകരലുമാണെന്ന് മനസ്സിലാക്കാൻ ഏറെ ബുദ്ധിയൊന്നും വേണ്ട.

മറ്റു രാജ്യങ്ങൾക്ക് വേണ്ടി വിദേശ രാജ്യങ്ങൾ അവരുടെ ചെലവിൽ നടത്തുന്ന സ്ഥാപനങ്ങളിൽ സംഘടിപ്പിക്കാറുള്ള പ്രഭാഷണങ്ങൾക്ക് പത്ത് വർഷം മുമ്പ് കുറ്റാരോപിതർ കേൾവിക്കാരായി എത്തി എന്നതിന്റെ പേരിൽ, അന്നവിടെ പ്രഭാഷണം നടത്തി എന്ന് പറയപ്പെടുന്നവർ ഉൾക്കൊള്ളുന്ന-അന്ന് രൂപീകരിച്ചിട്ടില്ലാത്ത-സംഘടനകളെ പ്രതിക്കൂട്ടിൽ നിർത്താൻ ശ്രമിക്കുന്ന 'മാധ്യമ ധാർമികത' അവാർഡിനർഹമാണെന്ന് പറയാതെ വയ്യ!

തീവ്രവാദഭീകരവാദ ഭീഷണികളെ കേരളസമൂഹം, വിശിഷ്യാ മുസ്‌ലിം സമുദായം ഗൗരവപരമായി നോക്കിക്കണ്ട് പ്രായോഗിക പരിഹാരങ്ങളെ കുറിച്ച് ചിന്തിക്കേണ്ടതിനു പകരം ചില സംഘടനകളെയും വ്യക്തികളെയും പ്രതി ചേർക്കാൻ വ്യഗ്രത കാണിക്കുകയും അതിനെതിരായി പ്രവർത്തിക്കുന്ന ആദർശ സംഹിതകളെ തെറ്റായി വ്യാഖ്യാനിക്കുകയും ചെയ്യുന്ന പ്രവണത സമുദായഗാത്രത്തിൽ വിഭാഗീയതയും ഛിദ്രതയും പടർത്താനേ ഉപകരിക്കൂ എന്നതിൽ സംശയമില്ല. ഇസ്‌ലാമിന്റെ പേരിൽ പുറത്തുവന്നുകൊണ്ടിരിക്കുന്ന ചില തീവ്രവാദ സംഘങ്ങൾക്ക് മതരാഷ്ട്രവാദം നെഞ്ചേറ്റുന്ന പല പ്രസ്ഥാനങ്ങളുടെയും പണ്ഡിതൻമാരുടെയും ദാർശനിക പിന്തുണയുണ്ടെന്നത് നേരാണ്. എന്നാൽ അതിന്റെ മറ പിടിച്ച് പാശ്ചാത്യശക്തികൾ പാലൂട്ടിവളർത്തിയ ടെററിസ്റ്റ് ഗ്രൂപ്പിന് 'കാർക്കശ്യങ്ങൾ' ചർച്ച ചെയ്യുന്നതും യഥാർഥ പ്രതികൾക്ക് രക്ഷപ്പെടാനുള്ള വഴിയൊരുക്കും.

പ്രമാണങ്ങളെ വ്യാഖ്യാനിക്കേണ്ടത് പ്രവാചകനും അനുയായികളും സച്ചരിതരായ പൂർവസൂരികളും മനസ്സിലാക്കുകയും പഠിപ്പിക്കുകയും ചെയ്ത രൂപത്തിലാണ്. അത്തരമൊരു വ്യാഖ്യാനം നിലനിന്നിരുന്ന കാലമത്രയും ലോകത്ത് തീവ്രവാദവിധ്വംസക പ്രവർത്തനങ്ങൾ നടന്നിട്ടില്ലെന്നതിന് ചരിത്രം സാക്ഷിയാണ്. ഇന്നും നിരപരാധികളെ കൊന്നുതള്ളുന്ന ഒരു ടെററിസ്റ്റ് ഗ്രൂപ്പിനും പ്രമാണ പിന്തുണ അവകാശപ്പെടാൻ കഴിയാത്തതും ഇതിനാൽ തന്നെയാണ്. അതേസമയം തീവ്രവാദത്തിനായാലും അതിവാദ സ്വൂഫി ചിന്തകൾക്കായാലും ആദർശപിന്തുണ ലഭിക്കാൻ ഇന്നും പ്രമാണങ്ങളെ ദുർവ്യാഖ്യാനം ചെയ്യേണ്ട ദുരവസ്ഥക്ക് കാരണം ഇസ്‌ലാമിക പ്രമാണങ്ങളെ പിൻപറ്റുന്നതിൽ സലഫി പാത പിന്തുടരുന്നതിലെ പ്രായോഗികത തന്നെയാണ് വെളിപ്പെടുത്തുന്നത്.

## ഐസിസിന്റെ ചരിത്രവും വികാസ പരിണാമങ്ങളും

ഇറാഖ് കേന്ദ്രീകരിച്ച് ഐ.എസിന്റെ ആദ്യസംഘടനാരൂപം ജന്മമെടുത്തത് 1999ലാണ്. ജോർദാൻകാരനായ അബു മൂസാ അൽസർഖാവിയാണ് ഇതിന് തുടക്കം കുറിക്കുന്നത്. നേരത്തെ ഇസ്‌ലാമിക് സ്‌റ്റേറ്റ് ഓഫ് ഇറാഖ് ആൻഡ് സിറിയ, ഇസ്‌ലാമിക് സ്‌റ്റേറ്റ് ഓഫ് ഇറാഖ് ആൻഡ് ദ ലെവന്റ്, ഇസ്‌ലാമിക് സ്‌റ്റേറ്റ് (ഐ.എസ്) എന്നീ



**ഐ.എസ്.ഐ.എസിൽ മെമ്പർമാരാവാൻ കച്ച കെട്ടിയിറങ്ങിയവരെ മാതൃകാപരമായി ശിക്ഷിക്കണമെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. എന്നാൽ കേരളത്തിൽനിന്നടക്കം പിടികൂടിയവർക്ക് സൈദ്ധാന്തിക അടിത്തറ സ്ഥാപിച്ചു നൽകാൻ ശ്രമിക്കുകയും സംഘടനാ ലേബൽ പതിച്ച് കൊടുക്കുകയും ചെയ്യുന്നത് ഏത് 'മുഖ്യധാരാ' മാധ്യമങ്ങളായാലും അത് തീവ്രവാദത്തിന് വളംവെക്കലും യഥാർഥ പ്രതികളെ സംരക്ഷിക്കാനുള്ള ബോധപൂർവ ശ്രമങ്ങൾക്ക് കരുത്ത് പകരലുമാണെന്ന് മനസ്സിലാക്കാൻ ഏറെ ബുദ്ധിയൊന്നും വേണ്ട.**

വിവിധ പേരുകളിൽ അറിയപ്പെട്ടിരുന്നതും ഈ സംഘടനയുടെ വകഭേദങ്ങളായിരുന്നു. സംഘടനയെ കൂടുതൽ ആക്രമണങ്ങളിലേക്ക് നയിച്ചത് 2003ൽ ഇറാഖിൽ സദ്ദാം ഹുസൈനെതിരെ നടത്തിയ ആക്രമണമാണ്. സദ്ദാംഹുസൈനെ കീഴടക്കി ഇറാഖിന്റെ നിയന്ത്രണം അമേരിക്ക ഏറ്റെടുത്തതോടെ, ഇറാഖിൽ അൽക്വാഇദ ശക്തമാകാൻ തുടങ്ങി. അതോടെ 2004ൽ സർഖാവി അൽക്വാഇദയുടെ ഭാഗമായി. സദ്ദാമിനെ നിഷ്കാസിതനാക്കിയതും തുടർന്ന് അധികാരത്തിലെത്തിയ അടിച്ചമർത്തൽ ഭരണത്തിൽ പ്രതിഷേധിച്ചും സർഖാവിയുടെ നേതൃത്വം ഇറാഖിൽ തീവ്രവാദ ആക്രമണങ്ങൾ അഴിച്ചുവിടാൻ തുടങ്ങി. അമേരിക്ക നടത്തിയ പ്രത്യാക്രമണത്തിൽ, 2006ൽ സർഖാവി കൊല്ലപ്പെട്ടു. ഇതിന് ശേഷം ഇറാഖ് പ്രധാനമന്ത്രി നൂരി അൽ മാലികിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ ദുർഭരണം ചെറുക്കാനെന്ന പേരിൽ അൽക്വാഇദയും വിവിധ തീവ്രവാദ ഗ്രൂപ്പുകളും ചേർന്ന് 2006 ഒക്ടോബറിൽ ഇറാഖിലെ ആറ് പ്രദേശങ്ങളെ ഉൾപ്പെടുത്തി ഇസ്‌ലാമിക് സ്റ്റേറ്റ് ഓഫ് ഇറാഖ് രൂപീകൃതമായതായി പ്രഖ്യാപിച്ചു.

അക്കാലങ്ങളിൽ ഇറാഖിലെ ബാഗ്ദാദിനടുത്ത് ബുക്ക ജയിലിൽ അമേരിക്കൻ തടവുകാരനായി കഴിഞ്ഞയാളായിരുന്നു അബൂബക്കർ അൽ ബാഗ്ദാദി. ബുക്ക ജയിലിൽ നിന്ന് 2009ൽ മോചിതനായ ശേഷമാണ് അമേരിക്കയുടെയും ഇസ്‌റാഈലിന്റെയും സഹായത്തോടെ ബാഗ്ദാദിയും സഹതടവുകാരും ഐസിസിന്റെ തലപ്പത്തെത്തിയതും അവർക്ക് തീവ്രവാദ പ്രവർത്തനങ്ങൾ നടത്താൻ അവസരമൊരുക്കിയതും എന്ന് 2014 ഡിസംബർ 11ന് ലണ്ടനിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'ഗാർഡിയൻ' ദിനപത്രത്തിൽ മാർട്ടിൻ ചുലോവ് പ്രസിദ്ധീകരിച്ച ഐ.എസ് നേതാവുമായുള്ള അഭിമുഖത്തിലൂടെ വ്യക്തമാക്കുന്നുണ്ട്. വ്യക്തമായ തിരക്കഥയുടെയും ഗെയിം പ്ലാനിന്റെയും അടിസ്ഥാനത്തിൽ നയവ്യതിയാനം നടത്തിയ ഈ തീവ്രവാദ ഗ്രൂപ്പാണ് ഇന്ന് ക്രൂരതയുടെ അപരനാമമായി മാറിയ പുതിയ ഐ.എസ്.ഐ.എസ് ആയി രൂപാന്തരപ്പെട്ടത്.

ലോകമുസ്‌ലിംകൾ ഒരു കൊടിക്കീഴിൽ അണിനിരക്കണമെന്ന് പറഞ്ഞുകൊണ്ട് ഖിലാഫത്തിനായി ആഹ്വാനം ചെയ്ത് 2013ൽ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങിയതു മുതൽക്കാണ് ഇസ്‌ലാമിക് സ്റ്റേറ്റ് ഓഫ് ഇറാഖ് ആൻഡ് സിറിയ കൂടുതൽ ശ്രദ്ധിക്കപ്പെട്ടത്. വ്യക്തമായ ലക്ഷ്യത്തോടെ അൽക്വാഇദയെ സൃഷ്ടിക്കുകയും അവരെ പാലൂട്ടി വളർത്തുകയും ചെയ്ത അതേ പാശ്ചാത്യശക്തികൾ തന്നെയാണ് ഇറാഖിലെയും സിറിയയിലെയും തന്ത്രപ്രധാന മേഖലകളിൽ ആധിപത്യം സ്ഥാപിച്ച ഈ ഭീകരസംഘത്തിനും ഇസ്‌ലാമിന്റെ മുഖം വികൃതമാക്കാൻ സൗകര്യങ്ങളൊരുക്കിക്കൊടുത്തത്. അമേരിക്കയുടെ നിയന്ത്രണത്തിലുള്ള ഏഴ് സൈനിക ചെക്ക്പോസ്റ്റുകൾ നിഷ്പ്രയാസം കടന്ന് ഐസിസിന് തിക്രിത്തിലെത്താൻ കഴിഞ്ഞെന്നുള്ളത് തന്നെ അതിനുള്ള തെളിവാണ്. ഹാല്ലി ബർട്ടൺ പോലുള്ള ആയുധക്കമ്പനികളുടെ സ്രഷ്ടാക്കളായ അമേരിക്കയാവട്ടെ അതിൽ താത്ത്വികമായ തലമെന്നതിലുപരി സാമ്പത്തികലാഭവും കൂടി കാണുന്നുണ്ട് എന്നത് മറ്റൊരു കാര്യം.

ലോകക്രമത്തിന്റെ ഭാവിയെ കുറിച്ചുള്ള അമേരിക്കൻ നാഷണൽ ഇന്റലിജന്റ്സ് കൗൺസിൽ റിപ്പോർട്ടിന്റെ പ്രവചന ചിത്രീകരണത്തിന്റെ ഭാഗമായി 'പുതിയ ഖിലാഫത്തിനെ കുറിച്ചുള്ള കെട്ടുകഥാപരമായ സംഭവവിവരണം' എന്ന ഉപശീർഷകത്തിൽ പത്ത് വർഷം മുമ്പ് തന്നെ ഐസിസ് പോലെയുള്ള ഒരു തീവ്രവാദ കക്ഷിയെക്കുറിച്ചും അവരുടെ പേരിൽ ഉയർന്നു വരാനുള്ള ഖലീഫയെ കുറിച്ചും അത് മൂലമുണ്ടാവുന്ന ലോക ഛിദ്രതയെ കുറിച്ചുമെല്ലാം പറഞ്ഞു വെച്ചിരുന്നു എന്നത് അത്ഭുതത്തിന് വക നൽകുന്നുണ്ടെങ്കിലും അതിശയോക്തിയല്ല. ഇന്നും അമേരിക്കൻ നാഷണൽ ഇന്റലിജന്റ്സ് കൗൺസിലിന്റെ വെബ്സൈറ്റിൽ പോയാൽ അത് വായിക്കാൻ കഴിയും.

ഇസ്‌റാഈൽ, ബ്രിട്ടൻ, അമേരിക്ക എന്നീ രാഷ്ട്രങ്ങളുടെ ചാരസംഘടനകളായ മൊസാദും എം-സിക്സ്റ്റീനും സി.ഐ.എയുമാണ് ഐസിസിന് പിന്നിൽ എന്ന് തുറന്ന് പറഞ്ഞവരിൽ അമേരിക്കയിൽ നിന്നും

പ്രസിദ്ധീകരിക്കുന്ന 'ദി ഡിപ്ലോമാറ്റ്' മാഗസിനും ബെൻ റെയ്നോൾഡ്സും മാത്രമല്ല ആദ്യ ഇറാനിയൻ വനിതാ വൈസ് പ്രസിഡന്റായ മഅ്സ്വൂമ ഇബ്തികാറും ഇറാൻ രഹസ്യാന്വേഷണ വിഭാഗത്തിന്റെ ചുമതലയുണ്ടായിരുന്ന മുൻ മന്ത്രി ഹൈദർ മുസ്ലിഹുമെല്ലാമുണ്ട്.

ഐസിസ് ഇസ്ലാമിനെ പ്രതിനിധീകരിക്കുന്നില്ല എന്ന് അവരുടെ പക്കൽ നിന്ന് രക്ഷപ്പെട്ട ബന്ദികളുടെ അനുഭവങ്ങൾ തന്നെ വ്യക്തമാക്കുന്നുണ്ട്. അഞ്ചിലധികം സ്ത്രീകളെ വീട്ടുതടങ്കലിൽ വെച്ച് ലൈംഗികമായി ചൂഷണം ചെയ്യുകയും നീലക്കണ്ണുള്ള യസീദി കന്യകയെ വേണമെന്ന് അടിമച്ചന്തയിൽ വെച്ച് കാശെറിഞ്ഞ് വാശി പിടിക്കുകയുമെല്ലാം ചെയ്ത ഐസിസ് പടയാളികളുടെ കഥകൾ മുഖ്യധാരാ മാധ്യമങ്ങൾ സാക്ഷികളെ നിർത്തി വിശദീകരിച്ചത് ഈയിടെയാണ്. ഐസിസിന്റെ പിടിയിൽ ഇറാഖിലെ കുർദിസ്ഥാനിൽ അഭയാർഥി ക്യാമ്പിൽ കഴിഞ്ഞിരുന്ന പതിനെട്ടുകാരി യസീദി പെൺകുട്ടി ജിനാനിന്റെ സാക്ഷ്യം മാത്രമല്ല ഇത്, ഐസിസ് തലവനാൽ ബലാത്സംഗം ചെയ്ത് കൊല്ലപ്പെട്ട കായ്ല മീലറെയും മൊസ്യൂളിലെ അടച്ചിട്ട ഇരുമ്പുകൂടിൽ വിൽപനക്ക് വെച്ച പെൺകുട്ടികളെയുമെല്ലാം ഉദാഹരിച്ച് ഇക്കാര്യങ്ങൾ വിശദീകരിക്കാൻ കഴിയും. ഡ്രോൺ ക്യാമറയുടെ പശ്ചാത്തലത്തിൽ, പാശ്ചാത്യ ബന്ദികളെ തല വെട്ടിയും തീ കൊളുത്തിയും കൊന്നത് ചിത്രീകരിച്ച മാധ്യമ വെളിപ്പെടുത്തൽ അംഗീകരിക്കുന്നുണ്ടെങ്കിൽ അവരിലെ അധാർമിക-സ്വഭാവദൂഷ്യ കഥകളും നാം അംഗീകരിച്ചേ പറ്റൂ.

നൈജീരിയയിലെ ക്രൂരന്മാരുടെ സംഘമായ ബോക്കോ ഹറാം മാത്രമല്ല ആഫ്രിക്കയിലെ ആന വേട്ടക്കാരായ ലോഡ്സ് റസിസ്റ്റൻസ് ആർമി വരെ ഐസിസുമായി സഖ്യം പ്രഖ്യാപിച്ചു എന്നത് അവർ തന്നെ അംഗീകരിക്കന്ന വസ്തുതയാണ്. ഇവർ ഏതെങ്കിലുമൊരു മതദർശന കൂട്ടായ്മയുടെ പിൻബലമുള്ള സംഘടനയല്ല എന്ന് തന്നെയാണ് ഇത് വ്യക്തമാക്കുന്നത്

ഐസിസിന് ഉച്ചി വെച്ചതും അതിന് ചെല്ലും ചെലവും കൊടുത്ത് വളർത്തുന്നതും പാശ്ചാത്യ ശക്തികളാണ് എന്ന വസ്തുത വിളിച്ചുപറയാൻ ഉദ്ബുദ്ധ ലോകം മടിച്ചിട്ടില്ല. കേരളത്തിൽ പോലും പ്രത്യക്ഷമായി തന്നെ മതദർശനങ്ങളോട് വൈമുഖ്യം പുലർത്തുന്ന പ്രമുഖ കക്ഷികളുടെ ചാനലുകൾ പോലും ഇത് സംബന്ധമായ ഫീച്ചറുകൾ പുറത്ത് വിട്ടത് നാം കണ്ടതാണ്. മുൻ യു.എസ് സുരക്ഷാ ഉദ്യോഗസ്ഥൻ എഡ്വേർഡ് സ്നോഡനിന്റെ വെളിപ്പെടുത്തൽ എന്ന മുഖവുരയോടെ കൈരളി ടിവിയുടെ പൊളിറ്റിക്കൽ ഡസ്ക് പുറത്ത് വിട്ട ഫീച്ചറിൽ വന്ന കാര്യങ്ങൾ ഇതിന് നല്ലൊരു ഉദാഹരണമാണ്. ഈ ഫീച്ചറിൽ പറഞ്ഞ ഉള്ളടക്കത്തിന്റെ ആധികാരികത പരിശോധിക്കപ്പെടേണ്ടതാണ്. പ്രസ്തുത റിപ്പോർട്ട് ശരിയാണെങ്കിൽ, ഖിലാഫത്ത് ഭരണം ലോകമെമ്പാടും സ്ഥാപിക്കാൻ ഒരുമ്പെട്ടിറങ്ങിയ ഐസിസ് തലവൻ അബൂബക്കർ അൽ ബാഗ്ദാദി ഇസ്റാഈൽ ചാര സംഘടന മൊസാദിന്റെ ഏജന്റാണെന്നാണ് സംശയിക്കേണ്ടത്. ജൂതദമ്പതിമാർക്ക് ജനിച്ച സൈമൺ എലിയട്ട് എന്ന എമിർ ഡാഷാണ് ബാഗ്ദാദിയെന്ന പേരിൽ ഐസിസിന് നേതൃത്വം നൽകുന്നത് എന്നാണ് കൈരളി റിപ്പോർട്ട് പറയുന്നത്. ഇസ്ലാമിക രാജ്യങ്ങൾക്കും അറബ് സമൂഹത്തിനുമെതിരെ ചാരവൃത്തിക്കും മനഃശസ്ത്രപരമായ യുദ്ധത്തിനും വേണ്ടി ഒരു വർഷത്തെ പരിശീലനത്തിന് ശേഷം മൊസാദ് നിയോഗിച്ചതാണ് ബാഗ്ദാദിയെ. ഈ രഹസ്യ പദ്ധതിക്ക് അമേരിക്ക നൽകിയ പേര് 'കടന്നൽകൂട്' എന്നായിരുന്നുവെന്നും അമേരിക്കയുടേയും ബ്രിട്ടന്റേയും ഇസ്രായേലിന്റേയും രഹസ്യാന്വേഷണ ഏജൻസികളുമായി സഹകരിച്ചും ഇയാൾ പ്രവർത്തിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

ഇസ്റാഈലിന് ഭീഷണിയായ രാജ്യങ്ങളുടെ സൈന്യത്തെയും ജനങ്ങളെയും കൈപ്പിടിയിലാക്കുകയും ഇതിന് ശേഷം വിശാല ഇസ്റാഈൽ രൂപീകരിക്കുകയും ചെയ്യേണ്ട ദൗത്യമാണ് ബാഗ്ദാദിയെ ഏൽപിച്ചിട്ടുള്ളതെന്ന കാര്യമാണ് ഇറാനിയൻ രഹസ്യാന്വേഷണ ഏജൻസി റിപ്പോർട്ടിനെ ഉദ്ധരിച്ച് പുറത്ത് വന്ന മറ്റൊരു വാർത്ത. ഇന്റർനെറ്റ് റേഡിയോ വെബ്സൈറ്റായ അജ്യാൽ ഡോട്ട്കോം എടുത്തുദ്ധരിച്ച് ഈജിപ്രസ്സിലൂടെ പുറംലോകമറിഞ്ഞ ഇതിന്റെ നിജസ്ഥിതിയും പ

**ഇസ്റാഈൽ, ബ്രിട്ടൻ, അമേരിക്ക എന്നീ രാഷ്ട്രങ്ങളുടെ ചാരസംഘടനകളായ മൊസാദും എം-സിക്സ്റ്റീനും സി.ഐ.എയുമാണ് ഐസിസിന് പിന്നിൽ എന്ന് തുറന്ന് പറഞ്ഞവരിൽ അമേരിക്കയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'ദി ഡിപ്ലോമാറ്റ്' മാഗസിനും ബെൻ റെയ്നോൾഡ്സും മാത്രമല്ല ആദ്യ ഇറാനിയൻ വനിതാ വൈസ് പ്രസിഡന്റായ മഅ്സ്വൂമ ഇബ്തികാറും ഇറാൻ രഹസ്യാന്വേഷണ വിഭാഗത്തിന്റെ ചുമതലയുണ്ടായിരുന്ന മുൻ മന്ത്രി ഹൈദർ മുസ്ലിഹുമെല്ലാമുണ്ട്.**

**ഐസിസ് ഭീഷണി കേരളത്തെ പിടിച്ചുലച്ച വർത്തമാനകാല സംഭവങ്ങളുടെ പശ്ചാത്തലത്തിലും അതിനെതിരെ ശക്തമായ പ്രചാരണങ്ങൾ സംഘടിപ്പിച്ചത് ഇവിടുത്തെ മുജാഹിദ് സംഘടനകൾ തന്നെയാണ്. ക്യാമ്പയിനുകളും സ്റ്റഡി ക്ലാസ്സുകളും സെമിനാറുകളും ലഘുലേഖാ വിതരണവുമായി മലയാളികളെ വിശിഷ്യാ മുസ്‌ലിം കൈരളിയെ സലഫി സംഘടനകൾ ബോധവൽക്കരിച്ചു കൊണ്ടിരുന്നു. ഇതിന്റെ അനുരണനങ്ങൾ തന്നെയാണ് സംഘ്പരിവാർ കാലഘട്ടത്തിലും സംയമനം കൈവിടാത്ത സാമുദായിക പൊതുബോധത്തിന്റെ പ്രതികരണങ്ങൾ സൂചിപ്പിക്കുന്നത്.**

രിശോധിക്കപ്പെടേണ്ടതാണ്.

മുകളിലുള്ള വാദങ്ങളെല്ലാം നിരാകരിച്ചാൽ തന്നെ ലോക തീവ്രവാദത്തിന്റെ മൊത്തക്കുത്തകക്കാരായ ഇസ്‌റാഈലുമായുള്ള ഐസിസിന്റെ സഹജസ്നേഹം പരിശോധിച്ചാൽ തന്നെ ഭീകരപ്രവർത്തനത്തിൽ ഇവർ തമ്മിലുള്ള നാഭീ-നാള ബന്ധം ബോധ്യപ്പെടും.

2013ൽ നടന്ന ഐസിസിന്റെ 15 വ്യത്യസ്ത ആക്രമണങ്ങളിൽ 1041 പേർ കൊല്ലപ്പെടുകയും 2221ൽ അധികം ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തു. 2014ൽ നടന്ന 7 ആക്രമണങ്ങളിൽ 6 പേർ കൊല്ലപ്പെടുകയും 12 പേർക്ക് പരിക്കേൽക്കുകയും 2015ൽ 23 ആക്രമണങ്ങളിൽ 1020 പേർ കൊല്ലപ്പെടുകയും 2171ലധികം പേർക്ക് പരിക്കേൽക്കുകയും 2016ൽ 36 ആക്രമണങ്ങളിലായി 1456 പേർ കൊല്ലപ്പെടുകയും 3505ലധികം ആളുകൾക്ക് പരിക്കേൽക്കുകയും 2017 ആഗസ്ത് വരെയുള്ള കാലയളവിൽ 22 ആക്രമണങ്ങളിൽ 685 ആളുകൾ കൊല്ലപ്പെടുകയും 7403ൽ അധികം ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തു എന്ന് ഔദ്യോഗിക രേഖകളിൽ കാണാൻ കഴിയും.

2013ൽ 14 തവണ ഇറാഖിലും, 2015ൽ സഊദി അറേബ്യ, ലിബിയ, ടുണീഷ്യ, യെമൻ, കുവൈത്ത്, ഈജിപ്ത്, ലെബനാൻ, സിറിയ എന്നിവിടങ്ങളിലും 2016ൽ ഇന്തോനേഷ്യ, തുർക്കി, യെമൻ, ബംഗ്ലാദേശ്, കസാക്കിസ്ഥാൻ, മലേഷ്യ, അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ എന്നിവിടങ്ങളിലും 2017ൽ ഫിലിപ്പൈൻസ്, ഇറാൻ... എന്നീ രാജ്യങ്ങളിലുമെല്ലാം ആക്രമണം നടത്തിയ ഐസിസിനെന്തേ ഇസ്‌റാഈലെന്ന ജൂത രാഷ്ട്രത്തോട് ഇത്ര പിരിശം എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തുന്നതോടെ തീരും ഐസിസിന്റെ തലതൊട്ടപ്പന്മാരെ കുറിച്ചുള്ള ചർച്ച.

**മാധ്യമങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നത്...**

പടിഞ്ഞാറൻ ജാരസന്തതിയായ ഐസിസിനെ അവരുടെ മാധ്യമങ്ങൾ സലഫീ ജിഹാദിസ്റ്റ് തീവ്രവാദ സംഘടന എന്ന് അഭിസംബോധന ചെയ്യുന്നത് അവർ സലഫി അക്വീദ പിന്തുടരുന്നവരാണെന്നതിന് തെളിവായുദ്ധരിക്കുന്നതിലെ നർമം ആർക്കും ഉൾക്കൊള്ളാവുന്നതാണ്. അത്തരമൊരു പേര് പാശ്ചാത്യ മീഡിയകളുടെ കുടില തന്ത്രത്തിന്റെ ഭാഗമായി സമൂഹത്തിൽ പ്രചരിപ്പിച്ചത് മാത്രം തെളിവാക്കി ഭരണരംഗത്ത് പ്രവാചക പാത പിന്തുടരുന്ന അറബ് രാജ്യങ്ങളെ മുഴുവൻ പ്രതിക്കൂട്ടിലാക്കാൻ കാണിക്കുന്ന വ്യഗ്രതക്ക് എന്ത് പേരാണ് വിളിക്കുക! ഐസിസിന്റെ കെടുതി ലോകമനുഭവിക്കാൻ തുടങ്ങിയ ആദ്യ നാളുകളിൽ തന്നെ ഹറം ആസ്ഥാനമാക്കിയുള്ള സലഫി പണ്ഡിതസഭ അതിനെതിരെ ഫത്‌വ നൽകുകയും മുസ്‌ലിം ലോകം അത് നെഞ്ചേറ്റുകയും ചെയ്തതാണ്. ഇപ്പോഴും ലോകവ്യാപകമായ തീവ്രവാദ ചിന്തകൾക്ക് തടയിടാൻ ഏറ്റവും കൂടുതൽ പണവും സൈനികശക്തിയും ചെലവഴിക്കുകയും രാജ്യത്ത് നിന്ന് അതിന് പ്രചാരം ലഭിക്കുന്ന മുഴുവൻ ഗ്രന്ഥങ്ങളും കക്ഷി-ഭാഷാ വ്യത്യാസമില്ലാതെ കണ്ടുകെട്ടികൊണ്ടിരിക്കുകയും ചെയ്യുന്നത് ഇത്തരം അറബ് രാജ്യങ്ങളാണ് എന്നത് അറബ് ന്യൂസ് പോലുള്ള പത്രങ്ങൾ റിപ്പോർട്ട് ചെയ്തതാണ്. മാത്രമല്ല, സുഊദി പൗരത്വമെനിക്ക് വേണ്ട എന്ന് തുറന്ന് പറഞ്ഞ് പൗരത്വമുപേക്ഷിച്ച ഉസാമ ബിൻലാദനെയും അമേരിക്കയടക്കമുള്ള പാശ്ചാത്യൻ മീഡിയ അഭിസംബോധന ചെയ്തത് സലഫീ തീവ്രവാദി എന്ന് തന്നെയാണ് എന്നത് തീവ്രവാദത്തിനെതിരിൽ പോരാടുന്ന അറബിരാഷ്ട്രങ്ങളോടും അതിന്റെ പണ്ഡിത നേതൃത്വത്തോടും സലഫി ഉലമാക്കളോടും ചെയ്യുന്ന ക്രൂരത തന്നെയാണ്. മാത്രമല്ല, ഈ ഐസിസ് നുഴഞ്ഞുകയറ്റം ചെറുക്കാനാണ് 78 ടവറുകളും എട്ടു കമാൻഡ് സെന്ററും പത്ത് നിരീക്ഷണ വാഹനങ്ങളും 32 ദ്രുതകർമ രക്ഷാ കേന്ദ്രങ്ങളും മൂന്ന് സ്‌ക്വാഡുകളും അടങ്ങിയ ജോർദാൻ മുതൽ കുവൈത്ത് വരെയുള്ള റഡാർ നിരീക്ഷണ സംവിധാനങ്ങളും കമാൻഡ് സെന്ററുകളും ഗാർഡ് പോസ്റ്റുകളുമടക്കമുള്ള 600 മൈൽ നീളത്തിൽ വൻമതിൽ സുഊദി പണിതത്. ലോകരാജ്യങ്ങളിലെ മുഴുവൻ പ്രതിനിധികളും പങ്കെടുത്ത, മുസ്‌ലിംകളുടെ ഏറ്റവും വലിയ കൂടിച്ചേരലായ ഹജ്ജ് കർമത്തോടനുബന്ധിച്ച് നടന്ന അറഫാ പ്രസം

ഗത്തിൽ സലഫി പണ്ഡിതലോകത്തിന് നേതൃത്വം നൽകുന്ന അവിടുത്തെ ഗ്രാന്റ് മുഫ്തി ആലു ശൈഖ് നടത്തിയ ചരിത്ര പ്രസിദ്ധമായ പ്രഭാഷണത്തിന്റെ ഏറിയ പങ്കും ദാഇശ് എന്ന് അവർ വിളിക്കുന്ന ഐസിസിനും അൽ ഖാഇദക്കും എതിരായിരുന്നുവെന്നും അവർക്കെതിരെ ആദർശപരമായും സായുധമായും പോരാടേണ്ടതിന്റെ ആവശ്യകതയെ സൂചിപ്പിക്കാനായിരുന്നുമെന്നുള്ളത് ലോക മീഡിയ റിപ്പോർട്ട് ചെയ്തതാണ്. ഇതേ കാര്യമുണർത്തിക്കൊണ്ട് ശൈഖ് സ്വാലിഹ് അൽ ഫൗസാൻ, ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ് അൽ ബദർ, ശൈഖ് സുലൈമാൻ റുഹൈലി... തുടങ്ങിയ നിരവധി സലഫി പണ്ഡിതന്മാരുടെ പ്രഭാഷണങ്ങളും രചനകളും ഇപ്പോഴും ഓൺലൈനിൽ ലഭ്യമാണ്.

ഭാരതത്തിന്റെ സ്വാതന്ത്ര്യസമരരംഗത്ത് നിറഞ്ഞ് നിന്ന സലഫി വിഭാഗങ്ങളെക്കുറിച്ചുള്ള ദേശീയ കാഴ്ചപ്പാടും ഇതിൽ നിന്ന് ഭിന്നമല്ല. മൻമോഹൻ സിംഗ് ഭരണകാലത്ത് പ്രതിഭാ പാട്ടീൽ അധ്യക്ഷയായി വിവിധ രാഷ്ട്ര നയതന്ത്രജ്ഞന്മാരെ പങ്കെടുപ്പിച്ച് ഡൽഹിയിൽ നടത്തിയ ഒരു പ്രോഗ്രാമിൽ വെച്ച് സലഫികളെയും സുഊദി അറേബ്യയേയും തീവ്രവാദവുമായി ബന്ധപ്പെടുത്തി ബി.ജെ.പി നേതാവ് രാംജത്മലാനി സംസാരിക്കുകയും അതിൽ പ്രതിഷേധിച്ച് സുഊദി പ്രതിനിധി ഇറങ്ങിപ്പോവുകയും ചെയ്ത സാഹചര്യത്തിൽ അദ്ദേഹത്തെ അനുനയിപ്പിച്ച് തിരികെ കൊണ്ടുവരികയും അത് ഇന്ത്യയുടെ അഭിപ്രായമല്ലെന്നും ബി.ജെ.പിയുടെ മാത്രം അഭിപ്രായമാണെന്നും ഹർഷാരവാകമ്പടിയോടെ വിശദീകരിച്ചത് അന്നത്തെ നിയമമന്ത്രിയായിരുന്ന വീരപ്പ മൊയ്‌ലിയായിരുന്നു.

1992ൽ ഐ.എസ്.എസ്സിന്റെ രൂപീകരണ പശ്ചാത്തലത്തോടനുബന്ധിച്ച് ക്വുർആനും ഹദീഥും ദുർവ്യാഖ്യാനം ചെയ്തുകൊണ്ടുള്ള കേരളത്തിലെ അവരുടെ പ്രഭാഷണങ്ങൾക്ക് മുസ്‌ലിം ലീഗടക്കമുള്ള രാഷ്ട്രീയ പാർട്ടികളുമായി കൈകോർത്ത് പ്രതിരോധം തീർത്തത് അന്നത്തെ സമസ്ത-മുജാഹിദ് പ്രസ്ഥാനങ്ങളായിരുന്നു. പാലക്കാട് കോട്ടമൈതാനിയിൽ നടന്ന മുജാഹിദ് സംസ്ഥാന സമ്മേളനം ബാബ്‌രി മസ്ജിദ് ധ്വംസനത്തിന്റെ പശ്ചാത്തലത്തിൽ നിറുത്തിവെക്കാനായി ഡൽഹിയിൽ നിന്ന് ഓർഡർ വന്ന സാഹചര്യത്തിൽ ഐക്യ ജനാധിപത്യമുന്നണി ഭരണകൂടത്തിന്റെ സ്പെഷ്യൽ ആവശ്യപ്രകാരമാണ് അന്ന് സമ്മേളനം നടത്തുകയും മതം മനുഷ്യസൗഹാർദത്തിന് എന്ന കാലികപ്രസക്തമായ പ്രമേയം ചർച്ചക്കെടുക്കുകയും ചെയ്തത്.

പിന്നീട്, 1997ൽ തീവ്രവാദപരമായ സമീപനങ്ങൾ സംഘടനാരൂപം പ്രാപിച്ച സാഹചര്യത്തിൽ കെ.എം ഷാജി കൺവീനറായി മുസ്‌ലിം യൂത്ത് കോഡിനേഷൻ രൂപീകൃതമാവുകയും അതിന്റെ നേതൃത്വത്തിൽ മുതലക്കുളം മൈതാനിയിൽ തീവ്രവാദത്തിനെതിരിൽ ആശയപരമായ പ്രചാരണത്തിന് തുടക്കം കുറിക്കുകയും ചെയ്തു. സാദിഖലി ശിഹാബ് തങ്ങൾ അധ്യക്ഷനായ ആ സമ്മേളനത്തിൽ ആരോഗ്യപരമായ കാരണങ്ങളാൽ പങ്കെടുക്കാൻ കഴിയാതിരുന്ന മുൻ മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് മുഹമ്മദലി ശിഹാബ് തങ്ങൾ തന്റെ പ്രസംഗം എഴുതി നൽകുകയായിരുന്നു. സമസ്തയുടെ യുവജന വിഭാഗത്തെ പ്രതിനിധീകരിച്ച് നാസർ ഫൈസി കൂടത്തായിയും മുജാഹിദ് പ്രസ്ഥാനത്തിൽ നിന്ന് സി.പി സലീമും അബ്ദുൽ ലത്വീഫ് കരുമ്പിലാക്കലും പങ്കെടുത്തപ്പോൾ ശരീഅത്ത് വിവാദത്തിൽ വേദി പങ്കിട്ടതിന്റെ പേരിൽ വിഘടിച്ചു പോയ കാന്തപുരം വിഭാഗത്തിൽ പെട്ട എ.പി ബഷീറിനെ കൂടി പങ്കെടുപ്പിക്കാൻ യൂത്ത് ലീഗിന് സാധിച്ചു എന്നത് തീവ്രവാദത്തിനെതിരെ മലയാളി മുസ്‌ലിംകൾ എന്നും ഒറ്റക്കെട്ടാണെന്ന സന്ദേശം നൽകുന്നതായിരുന്നു.

ഐസിസ് ഭീഷണി കേരളത്തെ പിടിച്ചുലച്ച വർത്തമാനകാല സംഭവങ്ങളുടെ പശ്ചാത്തലത്തിലും അതിനെതിരെ ശക്തമായ പ്രചാരണങ്ങൾ സംഘടിപ്പിച്ചത് ഇവിടുത്തെ മുജാഹിദ് സംഘടനകൾ തന്നെയാണ്. ക്യാമ്പയിനുകളും സ്റ്റഡി ക്ലാസ്സുകളും സെമിനാറുകളും ലഘുലേഖാ വിതരണവുമായി മലയാളികളെ വിശിഷ്യാ മുസ്‌ലിം കൈരളിയെ സലഫി സംഘടനകൾ ബോധവൽക്കരിച്ചു കൊണ്ടിരുന്നു. ഇതിന്റെ അനുരണനങ്ങൾ തന്നെയാണ് സംഘ്പരിവാർ കാലഘട്ടത്തിലും സംയമനം കൈവിടാത്ത സാമുദായിക പൊതുബോധത്തിന്റെ പ്രതികരണങ്ങൾ സൂചിപ്പിക്കുന്നത്.

ലോക തീവ്രവാദി കക്ഷികളെയെല്ലാം ഇസ്‌ലാമിന്റെയും അതിലെ ഏതെങ്കിലുമൊരു കക്ഷിയുടെയും പിരടിയിൽ വെച്ചുകെട്ടി വ്യാഖ്യാനങ്ങൾ ചമയ്ക്കാൻ വെമ്പൽ കൊള്ളുന്ന ഇക്കാലത്തും തീവ്രവാദത്തിനെതിരെയുള്ള ബോധവൽക്കരണത്തിന്റെ മുമ്പിൽ നടക്കാൻ തന്നെയാണ് സലഫി സംഘടനകളുടെ തീരുമാനം. ശത്രുക്കളും മിത്രങ്ങൾക്കിടയിലെ ശത്രുക്കളും അതിനെ എത്രമാത്രം അലോസരപ്പെടുത്തിയാലും ശരി, അതാണവരുടെ പാരമ്പര്യം. ●

മുഹമ്മദ് അജ്മൽ. സി
mohdajmalc@gmail.com

# സ്വയംഭൂ സിദ്ധാന്തത്തിലെ നിരർഥകത

അന്തിമ പ്രവാചകനായ മുഹമ്മദ് നബിﷺക്ക് അല്ലാഹുവിങ്കൽ നിന്ന് അവതീർണമായ വിശുദ്ധ ഗ്രന്ഥമാണ് ക്വുർആൻ. മാനവരാശിയെ എല്ലാവിധ അന്ധകാരങ്ങളിൽനിന്നും വെളിച്ചത്തിലേക്ക് നയിക്കുന്ന ഗ്രന്ഥം.

ഏഴാം നൂറ്റാണ്ടിലെ അറബികൾക്കിടയിൽ അറബി ഭാഷയിലാണ് ക്വുർആൻ അവതരിച്ചത്. എന്നാൽ ക്വുർആനിക സന്ദേശങ്ങൾ സാർവകാലികവും മനുഷ്യസമൂഹത്തെ മുഴുവൻ ഉന്നം വെച്ചുള്ളതുമാണ്. ലോകത്ത് ഇന്ന് ഏറ്റവും കൂടുതൽ വായിക്കപ്പെടുന്ന ഗ്രന്ഥം ക്വുർആനാണ്. ഏറ്റവും കൂടുതൽ തെറ്റുധരിപ്പിക്കപ്പെട്ട ഗ്രന്ഥവും ക്വുർആൻ തന്നെ!

'എല്ലാ മതങ്ങളുടെ അനുയായികളും ഇത്തരം അവകാശവാദങ്ങൾ നടത്തുന്നില്ലേ, മുമ്പെങ്ങോ രചിക്കപ്പെട്ട ചില ഗ്രന്ഥങ്ങൾ ഉയർത്തിപ്പിടിച്ച് അവ ദൈവത്തിൽ നിന്നാണ് എന്ന് അവകാശപ്പെട്ട് അന്ധമായ വിശ്വാസം പ്രചരിപ്പിക്കാനല്ലേ മതവിശ്വാസികൾ ശ്രമിക്കുന്നത്' എന്ന് ചോദിക്കുന്നവരുണ്ട്.

ക്വുർആൻ ദൈവികമാണ് എന്ന് സ്വയം അവകാശപ്പെടുന്നതിനൊടൊപ്പം അതിന് ഉപയുക്തമായ തെളിവുകളും നൽകുന്നു എന്നതാണ് വസ്തുത. കേവല അവകാശവാദങ്ങൾക്കപ്പുറം ശക്തമായ തെളിവുകളാണ് ക്വുർആനിനെ മറ്റു ഗ്രന്ഥങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നത്.

**ക്വുർആനിന്റെ സന്ദേശം**

ഞാൻ എന്തിനാണിവിടെ വന്നത്? എന്താണ് എന്റെ ജീവിതത്തിന്റെ ലക്ഷ്യം? ഓരോ വ്യക്തിയും ജീവിതത്തിന്റെ ഏതെങ്കിലും ഒരു ഘട്ടത്തിൽ സ്വയം ചോദിക്കുവാൻ സാധ്യതയുള്ള ചോദ്യങ്ങളാണിവ.

നമ്മൾ മുമ്പ് എന്തായിരുന്നു എന്ന് നിർവചിക്കുവാൻ കഴിയാത്ത ഒരു കാലഘട്ടം കടന്നുപോയിട്ടില്ലേ? മനുഷ്യചിന്തയെ ഉണർത്തുന്ന ഒരു ചോദ്യം ക്വുർആൻ ചോദിക്കുന്നു: 'മനുഷ്യൻ പ്രസ്താവ്യമായ ഒരു വസ്തുവേ ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവന്റെ മേൽ കഴിഞ്ഞുപോയിട്ടുണ്ടോ?' (76:1).

അതെ! എന്നാൽ ഇന്ന് നാം ഉണ്ട്! പ്രസ്താവ്യയോഗ്യമായ അസ്തിത്വം നമുക്ക് ഇന്നുണ്ട്. അതായത് നമുക്ക് ഒരു തുടക്കമുണ്ട്.

ക്വുർആൻ വീണ്ടും ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു:

"അതല്ല, യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ? അതല്ല, അവരാണോ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചിരിക്കുന്നത്? അല്ല, അവർ ദൃഢമായി വിശ്വസിക്കുന്നില്ല" (52:35,36).

ബുദ്ധിപൂർവവും യുക്തിപരവുമായ ചില ചോദ്യങ്ങളിലൂടെയും ഉത്തരങ്ങളിലൂടെയും ക്വുർആൻ മനുഷ്യമനസ്സുകളുമായി സംവദിക്കുന്നതായി നമുക്കിവിടെ കാണാം.

മനുഷ്യരായ നമുക്ക് മാത്രമല്ല, മഹാ പ്രപഞ്ചത്തിനും ഒരു തുടക്കമില്ലേ? അത്യത്ഭുതകരമായ ഈ മഹാ പ്രപഞ്ചത്തിന്റെ തുടക്കം എങ്ങനെ എന്നതിനെ സംബന്ധിച്ച് കാലങ്ങളായി മനുഷ്യൻ ചിന്തിക്കുന്നു! ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ ശാസ്ത്രജ്ഞന്മാർ പ്രപഞ്ചോല്പത്തിയെ സംബന്ധിച്ച് പ്രധാനമായും രണ്ടു വാദങ്ങളാണ് മുന്നോട്ടു വെച്ചത്.

'പ്രപഞ്ചം അന്നും ഇന്നും എന്നും ഒരു പോലെ നിലനിൽകുന്നു' എന്നതാണ് അതിലൊന്ന്. ഇതിനെ അവർ സ്റ്റഡി സ്റ്റേറ്റ് തിയറി എന്ന് വിളിച്ചു. ദൈവത്തിൽ വിശ്വസിക്കാത്തവരുടെ ജീവവായുവായിരുന്നു സ്റ്റഡി സ്റ്റേറ്റ് തിയറി. തുടക്കമില്ലാത്ത പ്രപഞ്ചത്തിന് എന്തിനാണ് ഒരു സ്രഷ്ടാവ്!

'ഭൗതികമായ എന്തിനും ഒരു തുടക്കമുള്ളത് പോലെ ഈ പ്രപഞ്ചത്തിനും ഒരു തുടക്കമുണ്ട്' എന്നതാണ് രണ്ടാമത്തേത്.

**സ്റ്റഡി സ്റ്റേറ്റ് തിയറിയുടെ തലക്കടിച്ച ഹബിൾ!**

1930കളിൽ എഡ്വിൻ പി ഹബിൾ ആണ് പ്രപഞ്ചം വികസിക്കുന്നു എന്ന് കണ്ടെത്തിയത്. ഡോപ്ലർ പ്രഭാവം ഉപയോഗിച്ചാണ് ഹബിൾ ഇത് ക

ണ്ടെത്തിയത്. അതായത്, ഒരു ബലൂൺ വീർപ്പിക്കുമ്പോൾ അതിലെ പുള്ളികൾ പരസ്പരം അകന്നു പോകുന്നത് പോലെ ഈ പ്രപഞ്ചത്തിലെ ഗ്യാലക്സികൾ പരസ്പരം അകന്നു കൊണ്ടിരിക്കുന്നു!

അതായത് സമയം കടന്നു പോകുന്തോറും പ്രപഞ്ചം വലുതായിക്കൊണ്ടിരിക്കുന്നു. യുഗാന്തരങ്ങൾക്കപ്പുറം ഗ്യാലക്സികളെല്ലാം അടുത്തായിരുന്നു എന്നർഥം. അതായത് വളരെ പിന്നിലേക്ക് ചിന്തിച്ചാൽ ഗ്യാലക്സികൾ എല്ലാം ഒരൊറ്റ വസ്തുവായിരുന്ന കാലഘട്ടം ഉണ്ടായിരുന്നു! അനന്തമായ സാന്ദ്രതയുള്ള ഒരു സമയം! എല്ലാ ഭൗതിക ശാസ്ത്ര നിയമങ്ങളും അവിടെ തകരുന്നു. ആ അവസ്ഥയെ ശാസ്ത്രം 'സിംഗുലാരിറ്റി' എന്ന് വിളിച്ചു. അതിൽ നടന്ന ഒരു മഹാ വിസ്ഫോടന(ബിഗ് ബാംഗ്)ത്തിലൂടെയാണ് പ്രപഞ്ചം രൂപം കൊണ്ടത് എന്ന് ഇന്ന് ശാസ്ത്രം പറയുന്നു. സമയവും സ്ഥലവും രൂപം കൊണ്ടത് ഈ മഹാ വിസ്ഫോടനത്തിന് ശേഷമാണ്! തിയറികൾ മാറി മറിഞ്ഞേക്കാം. എന്നാൽ ഒരു കാര്യം ഇന്ന് ഉറപ്പാണ് പ്രപഞ്ചത്തിന് ഒരു തുടക്കമുണ്ട്!

ആ തുടക്കത്തിന് മൂന്ന് സാധ്യതകളുണ്ട്.

1. ഒന്നുമില്ലായ്മയിൽ നിന്നുണ്ടായി.
2. സ്വയം സൃഷ്ടിച്ചു.
3. മറ്റാരോ സൃഷ്ടിച്ചു.

ഈ മൂന്നു സാധ്യതകളിൽ ഏതാണ് യാഥാർഥ്യം എന്ന ചോദ്യമാണ് നേരത്തെ ഉദ്ധരിച്ച ക്വുർആൻ വചനങ്ങളിൽ (52:35, 36) നാം കാണുന്നത്.

"അതല്ല, യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ?" എന്ന ചോദ്യം ശ്രദ്ധിക്കുക.

ഒന്നുമില്ലായ്മയിൽ നിന്ന് ഈ പ്രപഞ്ചത്തിൽ ഒന്നുമുണ്ടായിട്ടില്ല എന്ന് നമുക്കെല്ലാവർക്കുമറിയാം. താങ്കൾ വായിക്കുന്ന ഈ പുസ്തകം തനിയെ ഉണ്ടായതാണ് എന്ന് താങ്കൾ വിശ്വസിക്കുമോ? ഇതാണ് ക്വുർആൻ ഉന്നയിക്കുന്ന ഒരു ചോദ്യം! ഈ പ്രപഞ്ചം തനിയെ ഉണ്ടായതാണ് എന്ന് വാദിക്കുന്നവരാണ് നിരീശ്വരവാദികൾ. ആധുനിക കാലത്തെ നിരീശ്വരവാദികളിൽ പ്രമുഖനായ ലോറൻസ് ക്രോസ് 'എ യുനിവേഴ്സ് ഫ്രം നതിംഗ്' (ഒന്നുമില്ലായ്മയിൽ നിന്ന് ഒരു പ്രപഞ്ചം) എന്ന പേരിൽ ഒരു പുസ്തകം തന്നെ രചിച്ചിട്ടുണ്ട്.

'ഒന്നുമില്ലായ്മ' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഒരു വസ്തുവുമില്ലാത്ത അവസ്ഥ എന്നാണല്ലോ! നമ്മുടെ അന്തരീക്ഷം കാഴ്ചയിൽ ഒന്നുമില്ലാത്തതായി നമുക്ക് തോന്നുന്നു. എന്നാൽ അവിടെ വായുവുണ്ട്. വിവിധ വാതക പദാർഥങ്ങൾ ഉണ്ട്. ഇനി അന്തരീക്ഷത്തിനു പുറത്ത് ശൂന്യാകാശത്ത് ചെന്നാലോ? അവിടെയും യഥാർഥത്തിൽ ഒന്നുമില്ലാത്ത അവസ്ഥയില്ല. അവിടെ 'ശൂന്യത' ഉണ്ട്. 'സ്ഥലം' ഉണ്ട്. അതിനാലാണ് ബഹിരാകാശ പേടകങ്ങൾക്ക് അതിലൂടെ സഞ്ചരിക്കാൻ സാധിക്കുന്നത്! ഈ ശൂന്യത പോലുമില്ലാത്ത അവസ്ഥയെ നമുക്ക് 'ഒന്നുമില്ലായ്മ' എന്ന് വിളിക്കാം! എങ്ങനെയാണ് ഒന്നുമില്ലായ്മയിൽ നിന്ന് പദാർഥവും ഊർജവും ജീവനും ഉണ്ടാകുന്നത്? അത് തീർത്തും അസംഭവ്യം തന്നെ!

ലോറൻസ ക്രോസ് പറയുന്നത് 'ക്വാണ്ടം വാക്വം' എന്ന അവസ്ഥയിൽ ഊർജത്തിന്റെ പ്രവർത്തനം മൂലമാണ് ബിഗ്ബാംഗ് ഉണ്ടായത് എന്നാണ്. എന്നാൽ ഈ 'ക്വാണ്ടം വാക്വം' ഒന്നുമില്ലായ്മ അല്ലേ? അവയിൽ പ്രവർത്തിച്ച ഊർജം എങ്ങനെ നിലവിൽ വന്നു? ഇത്തരം ചോദ്യങ്ങൾക്കൊന്നും ക്രോസിന് ഉത്തരമില്ല! ഈ പ്രപഞ്ചത്തിലുള്ള ഏതൊരു വസ്തുവുമാകട്ടെ, ഒന്നും തനിയെ ഉണ്ടാകുന്നില്ല എന്നത് തീർത്തും യുക്തിപരമായ ഒരു വസ്തുതയാണ്.

'അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ?' ഉപരിസൂചിത ക്വുർആൻ വചനത്തിലെ അടുത്ത ചോദ്യം ഇതാണ്. നമ്മളല്ല നമ്മെ സൃഷ്ടിച്ചത്. മനുഷ്യൻ സ്വയം രൂപപ്പെട്ടവനാണ് എന്ന വാദം തീർത്തും അബദ്ധ ജടിലവും വൈരുധ്യാത്മകവുമാണ്. പ്രവിശാലമായ പ്രപഞ്ചത്തിനും ഇത് ബാധകം തന്നെ! പ്രപഞ്ചത്തിന്റെ ഉത്ഭവത്തെ കുറിച്ച് അത് സ്വയംഭൂവാണെന്ന് ഒട്ടനവധി നിരീശ്വരവാദികൾ വാദിക്കുന്ന ഇക്കാലത്ത് അല്ലാഹുവിന്റെ ക്വുർആനിലൂടെയുള്ള ഈ ചോദ്യം ഏറെ പ്രസക്തവും ചിന്തനീയവുമാണ്.

പിന്നെ ഏക സാധ്യത എന്താണ്? അത് ഈ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ട് എന്നതാണ്! ഇക്കാര്യം വളരെ മനോഹരമായി, ചിന്തയെ തട്ടിയുണർത്തുന്ന രൂപത്തിലാണ് ക്വുർആൻ നമ്മെ ബോധ്യപ്പെടുത്തുന്നത്.

ഈ പ്രപഞ്ചം ചലിക്കുന്നത് കൃത്യമായ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും അധീനമായാണ്. ഒരു മൊട്ടുസൂചിപോലും തനിയെ ഉണ്ടാകില്ല എങ്കിൽ മഹത്തായ പ്രപഞ്ചം യാദൃച്ഛികതയുടെ ഉത്പന്നമാണ് എന്ന വാദമാണോ അതോ ഈ വ്യവസ്ഥിതിക്ക് പിന്നിൽ മഹാനായ ഒരു സംവിധായകന്റെ സർഗവൈഭവമുണ്ടെന്ന വസ്തുതയാണോ, ഏതാണ് യുക്തിസഹമായത്? മനുഷ്യ മനസ്സുകളെ ദൈവാസ്തിത്വത്തെ സംബന്ധിച്ച സകല സംശയങ്ങളിൽ നിന്നും മോചിപ്പിച്ച്, നാസ്തികതയുടെ അടിത്തറ ഇളക്കുന്നതാണ് ഈ രണ്ടു ചെറിയ വചനങ്ങൾ! ഇങ്ങനെ ലളിതവും യുക്തിപരവുമായി മനുഷ്യ മനസ്സിനോട് സംവദിക്കുന്നു എന്നത് തന്നെയാണ് ക്വുർആൻ വചനങ്ങളുടെ ഏറ്റവും വലിയ പ്രത്യേകതങ്ങളിൽ ഒന്ന്. ●

റാഷിദ ബിൻത് ഉസ്മാൻ
AIWA കോളേജ് മോങ്ങം





# യഥാർഥ കൂട്ടുകാരൻ

സ്കൂളിലെ ഏറ്റവും വികൃതിയായ കുട്ടിയായിരുന്നു മുനീബ്. കൊച്ചുകുട്ടികളെ വല്ലാതെ ഉപദ്രവിക്കും. അവരുടെ ഭക്ഷണം എടുത്ത് കഴിക്കും. അവരുടെ പുസ്തകങ്ങൾ സ്ഥലം മാറ്റിവെച്ച് പ്രയാസപ്പെടുത്തും. ചുരുക്കിപ്പറഞ്ഞാൽ സ്കൂളിൽ എല്ലാവരും അവനെ വെറുത്തു. എന്നിട്ടും അവൻ വികൃതി അവസാനിപ്പിച്ചില്ല.

പഠിക്കുന്ന കാര്യത്തിൽ അവന് ഒരു ഉത്സാഹവുമില്ല. എന്നും നേരം വൈകിയേ സ്കൂളിലെത്തൂ. മിക്ക ദിവസവും അധ്യാപകരിൽനിന്ന് അടിവാങ്ങും.

മുനീബിന്റെ ക്ലാസിൽ പഠിക്കുന്ന ഒരു വിദ്യാർഥിയാണ് അഹ്മദ്. അത്യുത്സാഹശാലി. പാഠമെല്ലാം നന്നായി പഠിക്കും. എല്ലാ പരീക്ഷകളിലും ഉയർന്ന മാർക്ക് വാങ്ങും. സ്പോർട്സിലും മിടുമിടുക്കൻ. അതുകൊണ്ടുതന്നെ അവനെ എല്ലാവർക്കും വലിയ ഇഷ്ടമാണ്.

ഒരു ദിവസം ക്ലാസ് ടീച്ചർ അഹ്മദിനെ ആദരിക്കുന്ന ചടങ്ങ് ക്ലാസിൽ സംഘടിപ്പിച്ചു. എല്ലാ കുട്ടികൾക്കും പഠനത്തിൽ താൽപര്യമുണ്ടാക്കലായിരുന്നു ടീച്ചറുടെ ലക്ഷ്യം. അഹ്മദിന്റെ കഴുത്തിൽ ടീച്ചർ തന്നെ മെഡൽ ചാർത്തിയപ്പോൾ അവന് വല്ലാത്ത സന്തോഷമായി. അവൻ അതിന് നന്ദി പറഞ്ഞു.

എന്നാൽ മുനീബിന് ഇത് ഇഷ്ടമായില്ല. അവന്റെ മനസ്സിൽ അസൂയ നിറഞ്ഞു. അഹ്മദിന്റെ മെഡൽ തട്ടിയെടുക്കണമെന്ന് മുനീബ് തീരുമാനിച്ചു. അഹ്മദ് വീട്ടിലേക്ക് മടങ്ങവെ മുനീബ് അവനെ വഴിയിൽ തടഞ്ഞു നിർത്തി മെഡൽ ആവശ്യപ്പെട്ടു. ഇത് എനിക്ക് എന്റെ ടീച്ചർ എനിക്ക് സമ്മാനിച്ചതാണ്, തരില്ല എന്ന് അഹ്മദ് പറഞ്ഞു.

മുനീബ് അവന്റെ മേൽ ചാടിവീണ് മെഡൽ തട്ടിപ്പറിച്ചെടുത്തു. അഹ്മദ് ദുഃഖിതനായി വീട്ടിലേക്ക് മടങ്ങി. ആരോടും അവൻ ഈ സംഭവം പറഞ്ഞില്ല.

അതിനു ശേഷം കുറെ ദിവസങ്ങൾ കഴിഞ്ഞു. മുനീബ് സ്കൂളിൽ വന്നുകണ്ടില്ല. കുട്ടികൾ അതിൽസന്തോഷിച്ചു. അവന്റെ ഉപദ്രവമില്ലാതെ പഠിക്കാമല്ലോ. അവൻ ഒരിക്കലും സ്കൂളിലേക്ക് മടങ്ങിവരരുതെന്ന് അവർ ആഗ്രഹിച്ചുപോയി.

എന്നാൽ അവനെ കാണാത്തതിൽ അഹ്മദിന് അസ്വസ്ഥതയായി. അവൻ കൂട്ടുകാരോട് പറഞ്ഞു: "നമുക്ക് എന്തായാലും അവന്റെ വീട്ടിലൊന്ന് പോകണം. ചിലപ്പോൾ അവന് വല്ല രോഗം പിടിപെട്ടിട്ടുണ്ടാകും."

"അഹ്മദ്, നാം അതിന് ഒരുങ്ങേണ്ട. അവൻ അലഞ്ഞുതിരിഞ്ഞ് നടക്കാൻ പഠനം നിർത്തി

യതായിരിക്കും” കൂട്ടുകാർ പറഞ്ഞു.

“എന്നാൽ ഞാൻ തനിയെ പോകും” അഹ്മദ് ഉറപ്പിച്ചു പറഞ്ഞു.

“എന്നാൽ നിന്റെ കൂടെ ഞാനും വരാം” അഹ്മദിന്റെ അടുത്ത കൂട്ടുകാരനായ ആമിർ പറഞ്ഞു.

രണ്ടുപേരും മുനീബിന്റെ വീട്ടിലെത്തി. കോളിംഗ് ബെല്ലടിച്ചപ്പോൾ മുനീബിന്റെ ഉമ്മ പുഞ്ചിരിയോടെ കതക് തുറന്നു. അഹ്മദ് സലാം പറഞ്ഞു. ഉമ്മ സലാം മടക്കിക്കൊണ്ട് അവരെ അകത്തേക്ക് ക്ഷണിച്ചു.

“എന്താണ് മുനീബിനെ സ്കൂളിലേക്ക് കാണാത്തത്?” ആമിർ ചോദിച്ചു.

ഉമ്മ ദുഃഖത്തോടെ പറഞ്ഞു: “കടുത്ത പനിയായിരുന്നു. ഇപ്പോൾ ശരീരവേദന കാരണം എഴുന്നേൽക്കാൻ പോലും വയ്യാതെ കിടക്കുകയാണ്. മരുന്ന് കുടിക്കുന്നുണ്ട്. കുറെ ദിവസങ്ങൾ പിടിക്കും ഭേദമാകുവാൻ എന്നാണ് ഡോക്ടർ പറഞ്ഞത്.”

അഹ്മദും ആമിറും മുനീബ് കിടക്കുന്ന മുറിയിലേക്ക് ചെന്നു. അഹ്മദിനെ കണ്ടപ്പോൾ മുനീബ് ദുഃഖത്തോടെ തലതാഴ്ത്തി.

“സാരമില്ല മുനീബ്. ഞാൻ നിനക്ക് മാപ്പ് തന്നിരിക്കുന്നു. നിന്റെ അസുഖം അല്ലാഹു വേഗം ഭേദമാക്കിത്തരട്ടെ” അഹ്മദ് മുനീബിന്റെ കൈപിടിച്ചുകൊണ്ട് പറഞ്ഞു.

“ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ സഹോദരനാണ് എന്നാണല്ലോ നബിﷺ പഠിപ്പിച്ചിട്ടുള്ളത്. സഹോദരന് മാപ്പു നൽകൽ നമ്മുടെ കടമയല്ലേ?” ആമിർ കൂട്ടിച്ചേർത്തു.

അവർ പരസ്പരം സന്തോഷത്താൽ കെട്ടിപ്പിടിച്ച് കരഞ്ഞു. മുനീബ് അഹ്മദിന്റെ മെഡൽ തിരിച്ചുകൊടുക്കുവാൻ ഒരുങ്ങി.

“വേണ്ട. അത് നിന്റെ കയ്യിൽ തന്നെ ഇരിക്കട്ടെ. നമ്മുടെ സൗഹൃദത്തിന്റെ അടയാളമായി നീ തന്നെ അത് സൂക്ഷിക്കുക” അഹ്മദ് പറഞ്ഞു.

കൂട്ടുകാർ തിരിച്ചുപോകും മുമ്പ് ഇനി മുതൽ താൻ നല്ല കുട്ടിയായി മാറും എന്ന് മുനീബ് അവർക്ക് വാക്കു കൊടുത്തു.

കവിത

ഹസീന ബിൻത് സുലൈമാൻ, ചെമ്മനാട്
mail@nerpatham.com



# അനുഗ്രഹങ്ങൾ

ഞാൻ ചോദിക്കാതെയെനിക്കെൻ ജന്മം
കനിഞ്ഞു നൽകിയതെന്റെ നാഥൻ
ഞാൻ പോലുമറിയാതെയെൻ ഹൃദയം
നിലയ്ക്കാതെ മിടിപ്പിക്കുന്നതെന്റെ നാഥൻ
പഞ്ചേന്ദ്രിയങ്ങളും നൽകിയെന്നെ
പലിപാലിക്കുന്നവനെന്റെ നാഥൻ
ഇമവെട്ടും തുച്ഛമാം നേരമെങ്കിലും
അവനെ മറന്നു ഞാൻ ജീവിക്കയോ?
സദാനേരമെന്നെ കാണുന്ന റബ്ബേ
സദാനൽകണേ നീയെന്നിൽ ഹുബ്ബ്
നിന്റെയീ മണ്ണിലെനിക്കെന്റെ സ്വർഗമാം
ഉമ്മാന്റെ മടിത്തട്ടിൽ ഞാൻ വളർന്നു
എനിക്കെപ്പഴുമൊരു വഴിവിളക്കായുള്ള
ഉപ്പാന്റെ തണലതും ഞാൻ നുകർന്നു
നിന്നിഷ്ട ദാസരിൽ നിന്നൊരിണയെ
നീയെനിക്കേകിയതെന്റെ ഭാഗ്യം
കണ്ണിൻ കുളിർമയായ് മക്കളെ നൽകി നീ
പിന്നെയും പിന്നെയും കരുണയേകി
ഇതിനൊക്കെയും നന്ദി കാട്ടുവാനായ്
സന്മനസ്സേകു നീ സർവശക്താ!

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം

ഇബ്‌റാഹീം നബി(അ): 4



# യുക്തിഭദ്രമായ ഇടപെടൽ

**പി**താവ് ആസർ ഇബ്‌റാഹീം നബി(عليه السلام)യെ വീട്ടിൽ നിന്ന് പുറത്താക്കുന്ന രംഗമാണ് നാം വിവരിച്ച് വരുന്നത്. പിതാവിനോട് അദ്ദേഹം പുലർത്തിപ്പോരുന്ന വിശ്വാസം അബദ്ധജടിലമാണെന്നും നിരർഥകമാണെന്നും ബോധ്യപ്പെടുത്തുവാൻ ഇബ്‌റാഹീം(عليه السلام) ആകുന്നത്ര ശ്രമിച്ചു. അല്ലാഹു പറയുന്നു:

“ഇബ്‌റാഹീം തന്റെ പിതാവായ ആസറിനോട് പറഞ്ഞ സന്ദർഭം (ഓർക്കുക). ചില ബിംബങ്ങളെയാണോ താങ്കൾ ദൈവങ്ങളായി സ്വീകരിക്കുന്നത്? തീർച്ചയായും താങ്കളും താങ്കളുടെ ജനതയും വ്യക്തമായ വഴികേടിലാണെന്ന് ഞാൻ കാണുന്നു”(6:74).

“ഇബ്‌റാഹീമിന്റെ വൃത്താന്തവും അവർക്ക് നീ വായിച്ചുകേൾപിക്കുക. അതായത് നിങ്ങൾ എന്തൊന്നിനെയാണ് ആരാധിച്ചു കൊണ്ടിരിക്കുന്നത് എന്ന് തന്റെ പിതാവിനോടും തന്റെ ജനങ്ങളോടും അദ്ദേഹം ചോദിച്ച സന്ദർഭം. അവർ പറഞ്ഞു: ഞങ്ങൾ ചില വിഗ്രഹങ്ങളെ ആരാധിക്കുകയും അവയുടെ മുമ്പിൽ ഭജനമിരിക്കുകയും ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: നിങ്ങൾ പ്രാർഥിക്കുമ്പോൾ അവരത് കേൾക്കുമോ? അഥവാ, അവർ നിങ്ങൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യുമോ? അവർ പറഞ്ഞു: അല്ല, ഞങ്ങളുടെ പിതാക്കൾ അപ്രകാരം ചെയ്യുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു (എന്ന് മാത്രം). അദ്ദേഹം പറഞ്ഞു: അപ്പോൾ നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്നത് എന്തിനെയാണെന്ന് നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളും നിങ്ങളുടെ പൂർവപിതാക്കളും. എന്നാൽ അവർ (ദൈവങ്ങൾ) എന്റെ ശത്രുക്കളാകുന്നു ലോകരക്ഷിതാവ് ഒഴികെ” (ക്വുർആൻ 26:69-77).

ഇബ്റാഹീംعليه السلام ചോദിച്ച ഈ ചോദ്യങ്ങൾ തന്നെയാണ് ഇന്നും ഏത് ബഹുദൈവാരാധകരോടും ചോദിക്കുവാനുള്ളത്. ബിംബങ്ങൾ പ്രാർഥന കേൾക്കുമോ? അവ ഉപകാരമോ ഉപദ്രവമോ ചെയ്യുമോ? ഈ ചോദ്യങ്ങൾക്ക് മുമ്പിൽ പാരമ്പര്യം പറഞ്ഞ് പിടിച്ചു നിൽക്കാൻ ശ്രമിച്ചു എന്നതല്ലാതെ തെളിവ് സമർപ്പിക്കാൻ അവർക്ക് കഴിഞ്ഞില്ല.

അല്ലാഹുവിനെ പോലെ പരിധിയും പരിമിതിയും ഇല്ലാതെ കാണാനോ കേൾക്കാനോ അറിയാനോ സാധിക്കുന്നവരും സൃഷ്ടികളിലുണ്ട് എന്ന വിശ്വാസമാണ് അല്ലാഹുവേതര സൃഷ്ടികളിലേക്ക് കൈകൾ ഉയരാൻ കാരണമാകുന്നത്. അല്ലാഹു എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാണെന്ന് വിശ്വസിക്കുന്നതോടൊപ്പം അല്ലാഹുവല്ലാത്ത യാതൊന്നിനും അതിന് കഴിയില്ല എന്നും ഉറച്ച് വിശ്വസിക്കുമ്പോഴേ ഒരാളുടെ തൗഹീദ് ശരിയാകുന്നുള്ളൂ എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്.

അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ എന്ന് തെളിവ് സഹിതം ഇബ്റാഹീംعليه السلام പല സന്ദർഭങ്ങളിലായി പഠിപ്പിക്കാൻ ശ്രമിച്ചു. മറ്റൊരു രംഗം കാണുക:

"നിങ്ങൾ അല്ലാഹുവിന് പുറമെ ചില വിഗ്രഹങ്ങളെ ആരാധിക്കുകയും കള്ളം കെട്ടിയുണ്ടാക്കുകയുമാണ് ചെയ്യുന്നത്. അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നത് ആരെയാണോ അവർ നിങ്ങൾക്കുള്ള ഉപജീവനം അധീനമാക്കുന്നില്ല. അതിനാൽ നിങ്ങൾ അല്ലാഹുവിങ്കൽ ഉപജീവനം തേടുകയും അവനെ ആരാധിക്കുകയും അവനോട് നന്ദികാണിക്കുകയും ചെയ്യുക. അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത്" (ക്വുർആൻ 29:17).

നിങ്ങൾ ആരാധിക്കുന്ന ഈ വസ്തുക്കളെല്ലാം നിങ്ങൾ തന്നെ കൊത്തിയുണ്ടാക്കിയതല്ലേ? അല്ലാഹുവാണല്ലോ നിങ്ങൾക്ക് ഉപജീവനം നൽകുന്നത്! നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്ന ഇവരൊന്നും അത് ചെയ്യുന്നില്ലല്ലോ. എന്നിട്ടും നിങ്ങൾ അവനെ വിട്ട് അവരെ ആരാധിക്കുന്നുവോ? ഇത്തരം ചോദ്യങ്ങളിലൂടെ ഇബ്റാഹീം നബിعليه السلام അവരുടെ ബുദ്ധിയെ തൊട്ടുണർത്തി തൗഹീദിലേക്ക് ക്ഷണിച്ച് നോക്കി. പിതാവ് ശിർക്കിൽ തന്നെ ഉറച്ചുനിന്ന് വീട്ടിൽ നിന്ന് മകനെ പുറത്താക്കുവാൻ തുനിയുകതന്നെയാണ്. ഇബ്റാഹീം നബിعليه السلام എല്ലാം അല്ലാഹുവിൽ അർപിച്ച് അവന്റെ പ്രീതി മാത്രം കാംക്ഷിച്ച് ആദർശം കൈമുതലാക്കി വീട് വിട്ടിറങ്ങാൻ തീരുമാനിച്ചു. ആരാരും സ്വീകരിക്കുവാനില്ല, അഭയം നൽകുവാൻ ആരുമില്ല, സൗകര്യങ്ങൾ ഒന്നുമില്ല... എന്നിട്ടും ധീരനായി, പിതാവിന് മുന്നിൽ ആദർശം അടിയറ വെക്കാതെ പ്രതികൂല സാഹചര്യത്തെ എതിരിടുവാൻ തീരുമാനിച്ചു.

വീട് വിട്ടിറങ്ങേണ്ടി വന്നപ്പോൾ അദ്ദേഹത്തിന് ഒരു പതർച്ചയും വന്നില്ല. പിതാവ് വീട്ടിൽ നിന്ന് പുറത്താക്കി. നാട്ടുകാരോട് തൗഹീദ് പറഞ്ഞ് അവരുടെ കൂടി വെറുപ്പ് സമ്പാദിക്കേണ്ട. അവർ തോന്നിയത് പോലെ ജീവിച്ചുകൊള്ളട്ടെ എന്നൊന്നും ഇബ്റാഹീംعليه السلام ചിന്തിച്ചില്ല. നാട്ടുകാരോടും ഉപദേശിച്ചു; ബഹുദൈവാരാധനയിൽ നിന്ന് പിന്മാറാൻ. ബഹുദൈവാരാധനയുടെ നിരർഥകത അദ്ദേഹം മനസ്സിലാകുന്ന ശൈലിയിൽ അവർക്ക് വ്യക്തമാക്കിക്കൊടുത്തു.



"...അങ്ങനെ രാത്രി അദ്ദേഹത്തെ (ഇരുട്ട് കൊണ്ട്) മൂടിയപ്പോൾ അദ്ദേഹം ഒരു നക്ഷത്രം കണ്ടു. അദ്ദേഹം പറഞ്ഞു: ഇതാ, എന്റെ രക്ഷിതാവ്! എന്നിട്ട് അത് അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അസ്തമിച്ച് പോകുന്നവരെ ഞാൻ ഇഷ്ടപ്പെടുന്നില്ല. അനന്തരം ചന്ദ്രൻ ഉദിച്ചുയരുന്നത് കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇതാ എന്റെ രക്ഷിതാവ്! എന്നിട്ട് അതും അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവ് എനിക്ക് നേർവഴി കാണിച്ചു തന്നില്ലെങ്കിൽ തീർച്ചയായും ഞാൻ വഴിപിഴച്ച ജനവിഭാഗത്തിൽ പെട്ടവനായിത്തീരും. അനന്തരം സൂര്യൻ ഉദിച്ചുയരുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇതാ എന്റെ രക്ഷിതാവ്! ഇതാണ് ഏറ്റവും വലുത്! അങ്ങനെ അതും അസ്തമിച്ചു പോയപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ സമുദായമേ, നിങ്ങൾ (ദൈവത്തോട്) പങ്കുചേർക്കുന്നതിൽ നിന്നെല്ലാം തീർച്ചയായും ഞാൻ ഒഴിവാകുന്നു. തീർച്ചയായും ഞാൻ നേർമാർഗത്തിൽ ഉറച്ചുനിന്നു കൊണ്ട്

**സൂര്യചന്ദ്രനക്ഷത്രാദികളെ ആരാധിക്കുന്നതിലെ ബുദ്ധിശൂന്യത അതിവിദഗ്ധമായി ഇബ്‌റാഹീം(അ) സ്വന്തം ജനതയെ ബോധ്യപ്പെടുത്തി. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം അസ്തമിക്കുന്നവയും ഉദിക്കുന്നവയുമാണ്. അവയ്ക്ക് കേൾക്കുവാനോ കാണുവാനോ കഴിയില്ല. കഴിയുമെന്ന് സങ്കൽപിച്ചാൽ തന്നെ എപ്പോൾ ഏത് നാട്ടിൽ ഉദിക്കുന്നുവോ അപ്പോഴേ അവ അവിടെയുള്ളവരെ കാണൂ. അസ്തമിച്ചാലോ കാണുകയുമില്ല. ചില സമയത്ത് കാണാൻ കഴിയുകയും ചില സമയത്ത് കാണാൻ കഴിയാതിരിക്കുകയും ചെയ്യുന്നവയെ ആരാധിച്ചിട്ടെന്ത് കാര്യം? എപ്പോഴും കാണുന്ന, എപ്പോഴും കേൾക്കുന്ന, എപ്പോഴും അറിയുന്നവനെ മാത്രമായിരിക്കണം ആരാധിക്കേണ്ടത്.**

എന്റെ മുഖം ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനിലേക്ക് തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവവാദികളിൽ പെട്ടവനേ അല്ല" (ക്വുർആൻ6:75-79).

സൂര്യചന്ദ്രനക്ഷത്രാദികളെയും ആരാധിക്കുന്നവരായിരുന്നു ആ ജനത. അതിലെ ബുദ്ധിശൂന്യത അതിവിദഗ്ധമായി അദ്ദേഹം അവരെ ബോധ്യപ്പെടുത്തുകയാണ്. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം അസ്തമിക്കുന്നവയും ഉദിക്കുന്നവയുമാണ്. അവയ്ക്ക് കേൾക്കുവാനോ കാണുവാനോ കഴിയില്ല. കഴിയുമെന്ന് സങ്കൽപിച്ചാൽ തന്നെ എപ്പോൾ ഏത് നാട്ടിൽ ഉദിക്കുന്നുവോ അപ്പോഴേ അവ അവിടെയുള്ളവരെ കാണൂ. അസ്തമിച്ചാലോ കാണുകയുമില്ല. ചില സമയത്ത് കാണാൻ കഴിയുകയും ചില സമയത്ത് കാണാൻ കഴിയാതിരിക്കുകയും ചെയ്യുന്നവയെ ആരാധിച്ചിട്ടെന്ത് കാര്യം? എപ്പോഴും കാണുന്ന, എപ്പോഴും കേൾക്കുന്ന, എപ്പോഴും അറിയുന്നവനെ മാത്രമായിരിക്കണം ആരാധിക്കേണ്ടത്. അങ്ങനെയുള്ളവൻ ആകാശ ഭൂമികളെയും അവയ്ക്കിടയിലുള്ളവയെയും സൃഷ്ടിച്ച് പരിപാലിക്കുന്നവനായ അല്ലാഹുവാണ്. ഈ യാഥാർഥ്യം അവരെ ഇബ്‌റാഹീം(അ) പഠിപ്പിച്ചു. അദ്ദേഹം നക്ഷത്രത്തെയും ചന്ദ്രനെയും സൂര്യനെയും ഒരു നിമിഷത്തേക്കെങ്കിലും തന്റെ റബ്ബായി വിശ്വസിച്ചുവെന്ന് കരുതിക്കൂടാ. കാരണം വീട് വിട്ട് ഇറങ്ങുന്ന വേളയിൽ പിതാവിനോട് 'നിങ്ങളെയും നിങ്ങൾ ആരാധിക്കുന്നവയെയും ഞാനിതാ ഒഴിവാക്കുന്നു'വെന്നാണല്ലോ പറഞ്ഞത്. അപ്പോൾ 'ഇതാ എന്റെ റബ്ബ്' എന്ന് നക്ഷത്രത്തെ കണ്ടപ്പോൾ പറഞ്ഞതും 'ഇതാ എന്റെ റബ്ബ്' എന്ന് ചന്ദ്രനെ കണ്ട സന്ദർഭത്തിൽ പറഞ്ഞതും സൂര്യനെ കണ്ട സന്ദർഭത്തിൽ 'ഇതാ എന്റെ റബ്ബ് എന്ന്' പറഞ്ഞതും അവ റബ്ബാണെന്ന് വിശ്വസിച്ചു കൊണ്ടല്ല. പിന്നെയോ, അവരുടെ വിശ്വാസ വൈകല്യം അവരെ ബോധ്യപ്പെടുത്തുവാൻ പറഞ്ഞതാണ്. ഈ രൂപത്തിൽ ചിന്തോദ്ദീപകമായി സംവദിക്കുവാനുള്ള കഴിവ് അല്ലാഹു അദ്ദേഹത്തിന് നൽകിയിരുന്നു.

"ഇബ്‌റാഹീമിന് തന്റെ ജനതയ്ക്കെതിരായി നാം നൽകിയ ന്യായപ്രമാണമത്രെ അത്. നാം ഉദ്ദേശിക്കുന്നവർക്ക് നാം പദവികൾ ഉയർത്തികൊടുക്കുന്നു. തീർച്ചയായും നിന്റെ രക്ഷിതാവ് യുക്തിമാനും സർവജ്ഞനുമത്രെ" (ക്വുർആൻ 6:83).

സ്വന്തം കൈകളാൽ കൊത്തിയുണ്ടാക്കിയ വിഗ്രഹങ്ങൾക്ക് മുന്നിൽ ഭജനമിരിക്കുകയും അവയെ പൂജിക്കുകയും അവയ്ക്ക് വഴിപാടുകൾ അർപ്പിച്ച് ആരാധിക്കുകയും ചെയ്യുന്ന ആ ജനതയോടുള്ള ഇബ്‌റാഹീം നബി(അ)യുടെ ചോദ്യവും അവർ നൽകുന്ന മറുപടിയും കാണുക:

"മുമ്പ് ഇബ്‌റാഹീമിന് തന്റേതായ വിവേകം നാം നൽകുകയുണ്ടായി. അദ്ദേഹത്തെ പറ്റി നമുക്കറിയാമായിരുന്നു. തന്റെ പിതാവിനോടും തന്റെ ജനങ്ങളോടും അദ്ദേഹം ഇപ്രകാരം ചോദിച്ച സന്ദർഭം (ശ്രദ്ധേയമത്രെ:) നിങ്ങൾ പൂജിച്ചുകൊണ്ടേയിരിക്കുന്ന ഈ പ്രതിമകൾ എന്താകുന്നു? അവർ പറഞ്ഞു: ഞങ്ങളുടെ പിതാക്കൾ ഇവയെ ആരാധിച്ച് വരുന്നതായിട്ടാണ് ഞങ്ങൾ കണ്ടത്. അദ്ദേഹം പറഞ്ഞു: തീർച്ചയായും നിങ്ങളും നിങ്ങളുടെ പിതാക്കളും വ്യക്തമായ വഴികേടിലായിരിക്കുന്നു. അവർ പറഞ്ഞു: നീ ഞങ്ങളുടെ അടുത്ത് സത്യവും കൊണ്ട് വന്നിരിക്കുകയാണോ അതല്ല, നീ കളി പറയുന്നവരുടെ കൂട്ടത്തിലാണോ?"(ക്വുർആൻ 21:51-55).

'ഞങ്ങൾ ഞങ്ങളുടെ പൂർവ പിതാക്കൾ ഇങ്ങനെയെല്ലാം ചെയ്യുന്നതാണ് കണ്ടിട്ടുള്ളത്. ഞങ്ങൾ അവരെ പിന്തുടരുകയാണ് ചെയ്യുന്നത്' എന്ന മറുപടിയല്ലാതെ മറ്റൊന്നും അവർക്ക് പറയുവാനില്ല. നിങ്ങളുടെയും നിങ്ങളുടെ പൂർവികരുടെയും നടപടി തെറ്റാണെന്നും നിങ്ങൾ വഴികേടിലാണെന്നും ഇബ്‌റാഹീം(അ) തുറന്നു പറയുന്നു. 'ഇബ്‌റാഹീം, ഞങ്ങളുടെ പൂർവപിതാക്കൾക്കൊന്നും അറിയാത്ത ഒരു സത്യമായിട്ടാണോ നീ വന്നിരിക്കുന്നത്, അതല്ല നീ ഞങ്ങളെ കളിയാക്കുകയാണോ?' എന്നുള്ള അവരുടെ

മറുചോദ്യത്തിന് അദ്ദേഹം നൽകിയ മറുപടി ഇരുത്തിച്ചിന്തിപ്പിക്കുന്നതായിരുന്നു. അത് കാണുക:

“അദ്ദേഹം പറഞ്ഞു: അല്ല, നിങ്ങളുടെ രക്ഷിതാവ് ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവാകുന്നു. അവയെ സൃഷ്ടിച്ചുണ്ടാക്കിയവൻ. ഞാൻ അതിന് സാക്ഷ്യം വഹിക്കുന്നവരുടെ കൂട്ടത്തിലാകുന്നു. അല്ലാഹുവെ തന്നെയാണ, തീർച്ചയായും നിങ്ങൾ പിന്നിട്ട് പോയതിന് ശേഷം ഞാൻ നിങ്ങളുടെ വിഗ്രഹങ്ങളുടെ കാര്യത്തിൽ ഒരു തന്ത്രം പ്രയോഗിക്കുന്നതാണ്...” (ക്വുർആൻ 21:56,57).

വിഗ്രഹങ്ങളുടെ കാര്യത്തിൽ തന്ത്രം പ്രയോഗിക്കുമെന്ന് പറഞ്ഞത് ചിലപ്പോൾ മനസ്സിൽ പറഞ്ഞതാകാം. യൂസുഫ്ﷺ മോഷണം നടത്തിയെന്ന് സഹോദരങ്ങൾ പറഞ്ഞപ്പോൾ യൂസുഫ്ﷺ പറഞ്ഞത് ക്വുർആൻ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്

“അവർ (സഹോദരൻമാർ) പറഞ്ഞു: അവൻ മോഷ്ടിക്കുന്നുവെങ്കിൽ (അതിൽ അത്ഭുതമില്ല.) മുമ്പ് അവന്റെ സഹോദരനും മോഷ്ടിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ യൂസുഫ് അത് തന്റെ മനസ്സിൽ ഗോപ്യമാക്കിവെച്ചു. അവരോട് അദ്ദേഹം അത് (പ്രതികരണം) പ്രകടിപ്പിച്ചില്ല. അദ്ദേഹം (മനസ്സിൽ) പറഞ്ഞു: നിങ്ങളാണ് മോശമായ നിലപാടുകാർ. നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതിനെപ്പറ്റി അല്ലാഹു നല്ലവണ്ണം അറിയുന്നവനാണ്” (ക്വുർആൻ 12:77).

ഇവിടെ യൂസുഫ്ﷺ പറഞ്ഞത് മനസ്സിലാണ്. ഇത് പോലെയാകാം ചിലപ്പോൾ ഇബ്റാഹീംﷺ പറഞ്ഞത്. അതല്ല, ചിലരെല്ലാം കേൾക്കുന്ന തരത്തിലുമാകാം ആ സംസാരം. കാരണം, താഴെയുള്ള വചനം കാണുക:

“ചിലർ പറഞ്ഞു: ഇബ്റാഹീം എന്ന് വിളിക്കപ്പെടുന്ന ഒരു ചെറുപ്പക്കാരൻ ആ ദൈവങ്ങളെപ്പറ്റി പരാമർശിക്കുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്” (ക്വുർആൻ 21:60).

ഇബ്റാഹീംﷺ പ്രയോഗിച്ച തന്ത്രം ഇതാണ്:

“അങ്ങനെ അദ്ദേഹം അവരെ (ദൈവങ്ങളെ) തുണ്ടം തുണ്ടമാക്കിക്കളഞ്ഞു. അവരിൽ ഒരാളെ ഒഴികെ. അവർക്ക് (വിവരമറിയാനായി) അയാളുടെ അടുത്തേക്ക് തിരിച്ചുചെല്ലാമല്ലോ” (ക്വുർആൻ 21:58).

വിഗ്രഹങ്ങളിൽ തന്ത്രം പ്രയോഗിക്കുന്നതിന് മുമ്പായി അദ്ദേഹം പിതാവിനോടും തന്റെ ജനതയോടും പറയുന്നത് കാണുക.

“തന്റെ പിതാവിനോടും ജനതയോടും അദ്ദേഹം ഇപ്രകാരം പറഞ്ഞ സന്ദർഭം: എന്തൊന്നിനെയാണ് നിങ്ങൾ ആരാധിക്കുന്നത്? അല്ലാഹുവിന്നു പുറമെ വ്യാജമായി നിങ്ങൾ മറ്റു ദൈവങ്ങളെ ആഗ്രഹിക്കുകയാണോ? അപ്പോൾ ലോകരക്ഷിതാവിനെപ്പറ്റി നിങ്ങളുടെ വിചാരമെന്താണ്? എന്നിട്ട് അദ്ദേഹം നക്ഷത്രങ്ങളുടെ നേരെ ഒരു നോട്ടം നോക്കി. തുടർന്ന് അദ്ദേഹം പറഞ്ഞു: തീർച്ചയായും എനിക്ക് അസുഖമാകുന്നു. അപ്പോൾ അവർ അദ്ദേഹത്തെ വിട്ട് പിന്തിരിഞ്ഞു പോയി. എന്നിട്ട് അദ്ദേഹം അവരുടെ ദൈവങ്ങളുടെ നേർക്ക് തിരിഞ്ഞിട്ടു പറഞ്ഞു: നിങ്ങൾ തിന്നുന്നില്ലേ? നിങ്ങൾക്കെന്തുപറ്റി? നിങ്ങൾ മിണ്ടുന്നില്ലല്ലോ! തുടർന്ന് അദ്ദേഹം അവയുടെ നേരെ തിരിഞ്ഞു വലതുകൈകൊണ്ട് ഊക്കോടെ അവയെ വെട്ടിക്കളഞ്ഞു. എന്നിട്ട് അവർ അദ്ദേഹത്തിന്റെ അടുത്തേക്ക് കുതിച്ച് ചെന്നു”(ക്വുർആൻ 37:85-93).

ലോക പരിപാലകനായ അല്ലാഹുവിനെ വെടിഞ്ഞ് സാങ്കൽപിക ദൈവങ്ങളെ സ്വീകരിച്ച് ആരാധിക്കുന്നതിലെ യുക്തിഹീനത മനസ്സിലാക്കിക്കൊടുത്തിട്ടും അവരത് ചെവിക്കൊണ്ടില്ല. അവർ അവരുടെ പാരമ്പര്യ അന്ധവിശ്വാസത്തിൽ നിലയുറപ്പിച്ചു. അവർ ഒരു ഉത്സവത്തിന് പോകാനുള്ള തയ്യാറെടുപ്പിലാണ്. അദ്ദേഹത്തെയും അവർ അതിന് ക്ഷണിച്ചു. അദ്ദേഹം അതിൽ നിന്ന് പിന്മാറി. അവരെല്ലാവരും ഉത്സവത്തിന് പോയി. ഈ അവസരത്തിലാണ് അദ്ദേഹം അത് ചെയ്തത്.

അവരുടെ ആരാധ്യ വസ്തുക്കളുടെ നിസ്സഹായത അദ്ദേഹം സ്വയം ഒന്ന് മനസ്സിലാക്കി. മുമ്പിലുള്ള ഭക്ഷണം കഴിക്കുന്നില്ല. അനക്കമില്ല. സംസാരിച്ചു നോക്കി. പ്രതികരണമില്ല. അങ്ങനെ അവരെ ചിന്തിപ്പിക്കുവാനായി ആ തന്ത്രം പുറത്തെടുത്തു.

“അങ്ങനെ അദ്ദേഹം അവരെ (ദൈവങ്ങളെ) തുണ്ടം തുണ്ടമാക്കിക്കളഞ്ഞു. അവരിൽ ഒരാളെ ഒഴികെ. അവർക്ക് (വിവരമറിയാനായി) അയാളുടെ അടുത്തേക്ക് തിരിച്ചുചെല്ലാമല്ലോ” (ക്വുർആൻ 21:58).

ഇവിടെ ചില കാര്യങ്ങൾ നാം മനസ്സിലാക്കേണ്ടതുണ്ട്. അദ്ദേഹത്തെ അവർ ഉത്സവത്തിന് ക്ഷണിച്ചപ്പോൾ അദ്ദേഹം നക്ഷത്രങ്ങളിലേക്ക് നോക്കിയെന്ന് പറഞ്ഞതിന്റെ അർഥമെന്ത്? അദ്ദേഹം നക്ഷത്രത്തെ നോക്കി നാള് തീരുമാനിക്കുന്ന ആളായിരുന്നില്ല. പിന്നെ എന്തിനാണ് അവയെ നോക്കിയത്? അവയെ നോക്കിയെന്ന് പറയുന്നതിന്റെ ഉദ്ദേശം ആകാശത്തിലേക്ക് നോക്കി എന്നാണ്; ഈ ജനങ്ങളോട് എന്താണ് പറയേണ്ടതെന്ന് ആലോചിച്ചുകൊണ്ടുള്ള നോട്ടം. **(തുടരും)** ●

**പ്രൊഫ: ഹാരിസ്ബിൻ സലീം**
harisbinsaleem@gmail.com






**ശാന്തിഗേഹത്തിലേക്കുള്ള ചോദ്യങ്ങൾ mail@nerpatham.com എന്ന ഇ.മെയിലിലോ 9656292244 എന്ന വാട്ട്സ്ആപ് നമ്പറിലോ നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.**

# ‘ഇന്റർനെറ്റ്’ വലയിൽ കുരുങ്ങിയ കൗമാരം

*ചോദ്യം: പതിനാറ് വയസ്സുള്ള എന്റെ മകൻ പത്താം ക്ലാസ് കഴിഞ്ഞതോടെ സ്കൂൾ പഠനം നിർത്തിയിരിക്കുകയാണ്. തീരെ അനുസരണയില്ല. ഇന്റർനെറ്റില്ലാതെ അവന് ജീവിക്കാൻ കഴിയില്ല. ഏത് സമയത്തും ഗെയിമിന്റെ ലോകത്താണ്. പിതാവ് ഗൾഫിലായതിനാൽ ആരെയും ഭയമില്ല. ആവശ്യപ്പെട്ടത് കിട്ടിയില്ലെങ്കിൽ അക്രമകാരിയാകും. സൈക്കോളജിസ്റ്റിനെ കാണിച്ചിട്ടും ഫലമൊന്നുമുണ്ടായില്ല. ഇസ്‌ലാമിക ബോധം തീരെയില്ല. ഇവനെ മാറ്റിയെടുക്കുവാൻ എന്താണ് ചെയ്യേണ്ടത്?*

ഉത്തരം: ഒരു മാതാവ് അയച്ച ദീർഘമായ കത്തിലെ പ്രസക്ത ഭാഗങ്ങളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. കുട്ടികളെ മാതാപിതാക്കളുടെ നിയന്ത്രണത്തിൽ കിട്ടാതെ വരുന്ന അവസ്ഥ അങ്ങേയറ്റം ഭയാനകമാണ്. ഈ സഹോദരിയുടെ ചോദ്യത്തിൽ അത്തരം ഒരു സാഹചര്യം ഉള്ളതുപോലെ തോന്നുന്നു. മനുഷ്യൻ ചില മൂല്യങ്ങളിൽ വിശ്വസിക്കുന്നത് കൊണ്ടാണ് അവന് സ്വയം നിയന്ത്രിക്കാൻ കഴിയുന്നത് . ഈ മൂല്യങ്ങൾ കൈവിട്ട് പോയാൽ അവനെക്കാളും അപകടകാരിയല്ല മറ്റൊന്നും. ഇവിടെ രണ്ടു വശങ്ങൾ പഠന വിധേയമാക്കേണ്ടതുണ്ട്. ഒന്നാമതായി എന്തുകൊണ്ട് ഈ കുട്ടി ഇങ്ങനെ ആയിത്തീർന്നു എന്നതാണ്

എല്ലാ കുട്ടികളും ശുദ്ധ പ്രകൃതിയോടെയാണ് ജനിക്കുന്നത് മാതാപിതാക്കൾ തന്നെയാണ് അവരെ നന്മയിലും തിന്മയിലും എത്തിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത്. ഒരു രക്ഷിതാവും തന്റെ കുട്ടിയെ ബോധപൂർവം തിന്മയിലേക്ക് നയിക്കില്ലെന്നുറപ്പാണ്. എന്നാൽ നന്നാക്കാനുള്ള നമ്മുടെ ശ്രമങ്ങൾ വിപരീത ഫലങ്ങൾ ഉണ്ടാക്കുമോ എന്ന് നാം ഭയപ്പെടണം. ഒരു കാരണവശാലും അവരെ നന്മയിലേക്ക് നയിക്കുവാനുള്ള ശ്രമങ്ങിൽ നിന്ന് നാം പിൻവാങ്ങരുത്. കാരണം അത് നമ്മുടെ ബാധ്യതയാണ്.

ഇവിടെ പറയപ്പെട്ട കുട്ടിയുടെ കാര്യത്തിൽ ചെയ്യാവുന്ന ചില കാര്യങ്ങൾ നിർദേശിക്കട്ടെ. സ്കൂൾ പഠനം നിർത്തി എന്ന് പറയുമ്പോൾ തിക

ച്ചും നിരുത്തരവാദപരമായാണ് അവന്റെ കാര്യം മുന്നോട്ടു പോകുന്നത് എന്ന് വ്യക്തം.

ദുഃശ്ശീലങ്ങൾ തുടരുവാൻ എന്ത് വഴി സ്വീകരിക്കുവാനും അവന് മടിയില്ല എന്ന് വ്യക്തം. മാതാപിതാക്കളെ പൂർണമായും ധിക്കരിക്കുന്ന ഒരു നിലപാടാണ് അവനിൽ കാണുന്നത്.

1. അവന് ആദരവും ബഹുമാനവുമുള്ള ഗുരുനാഥന്മാരോ വ്യക്തികളോ അവനെ ഉപദേശിക്കുക എന്നത് അവന്റെ മനസ്സ് മാറ്റാൻ സഹായകമാകും

2. ഇത്തരം ഒരു കുട്ടിയോട് പെരുമാറുമ്പോൾ സ്നേഹപൂർവമായ സമീപനം പ്രയാസകരമായിരിക്കും. അതിലുള്ള മാറ്റം അവനെ ചിന്തിപ്പിച്ചേക്കാം.

3. നിലവിലുള്ള കൂട്ടുകാരിൽ നിന്ന് മാറ്റി പുതിയവരും നല്ലവരുമായ ഒരു കൂട്ടുകെട്ടിലേക്ക് എത്തിക്കുന്നതും മാറ്റത്തിന് സഹായകരമാണ്.

4. ചില കാര്യങ്ങൾ വിരോധിക്കുന്നത് കൂടുതൽ കുഴപ്പങ്ങളിലേക്ക് നയിക്കുമെങ്കിൽ ശ്രദ്ധിച്ച് വേണം അത് ചെയ്യാൻ.

5. തന്റെ നിലപാട് തുടരുന്നത് ചില വിഷമങ്ങൾ തനിക്കുണ്ടാക്കുമെന്ന് അവനെ ബോധ്യപ്പെടുത്തുക. ശിക്ഷകൾ അതിന് സഹായകരമാണ്. വളരെ ശ്രദ്ധിച്ച് ചെയ്യേണ്ട കാര്യമാണിത്.

6. പ്രാർഥന എത് കാര്യത്തിനും പരിഹാരമാണല്ലോ. പ്രത്യേകിച്ച് മാതാപിതാക്കൾ മക്കൾക്ക് വേണ്ടി പ്രാർഥിക്കുന്നത്.

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ എന്ന് പറയുന്നവരുമാകുന്നു അവർ" (ക്വുർആൻ 25:74). ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**പ്രകാശ തീരം**
**പെണ്ണ് കാണൽ ചടങ്ങ്, എപ്പിസോഡ്: 2**
**മുഹമ്മദ് സാദിഖ് മദീനി**
06.11.17 തിങ്കൾ 04:30 PM, 09:30 PM
07.11.17 ചൊവ്വ 9:30 AM,

**ചുവരെഴുത്ത്**
**പ്രവാചക വചനങ്ങൾ പ്രാമാണികം തന്നെ**
**എപ്പിസോഡ്: 1, അബ്ദുൽ ജബ്ബാർ മദീനി**
06.11.17 തിങ്കൾ, 8:20 PM
07.11.17 ചൊവ്വ 8:20 AM, 12:20 AM

**ഇ മദ്രസ**
**അത്ഭുത മനുഷ്യൻ, എപ്പിസോഡ്: 2**
**ഹസൻ അൻസാരി**
07.11.17 ചൊവ്വ 07:05 AM, 06:05 PM

**നബിചരിത്രം**
**ശത്രുക്കളെ വിറപ്പിച്ച സംഭവം**
**അബ്ദുലത്തീഫ് സുല്ലമി മാറഞ്ചേരി**
07.11.17 ചൊവ്വ 05:30 PM, 01.11.17 ബുധൻ, 11:45 PM

**ഇ വായന**
**www.1001inventions.comനെ പരിചയപ്പെടാം**
**ഷംജിത് വാഴക്കാട്**
08.11.17 ബുധൻ, 11:00 AM, 02.11.17 വ്യാഴം 10:30 PM

**സലഫി ദുറൂസ്**
**നുബുവ്വത്തിന്റെ തെളിവുകൾ**
**എപ്പിസോഡ്: 77**
**അബൂബക്കർ സലഫി**
09.11.17 വ്യാഴം 4:30 PM, 9:30 PM
10.11.17 വെള്ളി 9:30 PM

**ഹൃദയ വസന്തം**
**സുറ: ത്വലാഖ് 7**
**നിഷാദ് സലഫി**
09.11.17 വ്യാഴം 07:45 PM
10.11.17 വെള്ളി 05:00 PM

**തജ്‌വീദ് പഠനം**
**സാകിനതായ ലാമുകൾ**
**എപ്പിസോഡ്: 1**
**ഹാഫിള് അസ്‌ലം കുവൈത്ത്**
10.11.17 വെള്ളി, 7:45 PM
11.11.17 ശനി, 5:00 PM

**സുപഥം**
**അന്ധവിശ്വാസങ്ങളുടെ ലോകം**
**എപ്പിസോഡ്: 8**
**ഫൈസൽ മൗലവി**
10.11.17 വെള്ളി 04:30 PM, 09:30 PM
11.11.17 ശനി 09:30 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

ശമീർ മദീനി
shameermadeeni@gmail.com

# നാശത്തിലേക്ക് നയിക്കുന്ന മദ്യവും ചൂതാട്ടവും

**"(നബിയേ) നിന്നോടവർ മദ്യത്തെയും ചൂതാട്ടത്തെയും പറ്റി ചോദിക്കുന്നു. പറയുക: അവ രണ്ടിലും ഗുരുതരമായ പാപമുണ്ട്. ജനങ്ങൾക്ക് ചില പ്രയോജനങ്ങളുമുണ്ട്. എന്നാൽ അവയിലെ പാപത്തിന്റെ അംശമാണ് പ്രയോജനത്തിന്റെ അംശത്തേക്കാൾ വലുത്" (ക്വുർആൻ 2:219)**

ധാർമികതയെക്കുറിച്ചുള്ള കൃത്യവും വ്യക്തവുമായ അവബോധത്തിന്റെ അഭാവത്തിൽ മനുഷ്യൻ ഏത് തിന്മകളിലേക്കും അനായാസേന ഓടിയെത്തുമെന്നതാണ് യാഥാർഥ്യം. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തെ കുറിച്ചാണെങ്കിലും ലോട്ടറിയുടെ അതിപ്രസരത്തെ കുറിച്ചാണെങ്കിലുമൊക്കെ ചിന്തിക്കുമ്പോൾ അതാണ് ബോധ്യപ്പെടുന്നത്. തന്നെ സൃഷ്ടിച്ച് പരിപാലിക്കുന്ന പരമകാരുണികനായ പടച്ചതമ്പുരാന്റെ ഉപദേശ നിർദേശങ്ങൾ തനിക്ക് ഏത് നിലക്കും നന്മ മാത്രമെ വരുത്തുകയുള്ളൂ എന്ന ബോധം നഷ്ടമാകുമ്പോൾ ദൈവികമായ മാർഗദർശനങ്ങളുടെ മഹത്ത്വമറിയാനോ അവ സ്വീകരിക്കാനോ മനുഷ്യൻ തയ്യാറാവാതെ വരുന്നു. ഫലമോ? ഈ ജീവിതത്തിലും നാളെ മരണാനന്തര ജീവിതത്തിലും അതുവഴി ഒട്ടേറെ കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടിവരികയും ചെയ്യും.

ഉൽബുദ്ധരെന്നും വിവേകികളെന്നും അഭിമാനിക്കുന്ന മനുഷ്യന്റെ പൊതുവിലുള്ള അവസ്ഥ കണ്ടാൽ പല വിഷയങ്ങളിലും അവൻ തന്റെ ബുദ്ധിയും വിവേകവുമൊന്നും ഉപയോഗപ്പെടുത്തുന്നില്ല എന്ന് ബോധ്യപ്പെടും. മദ്യത്തിന്റെ ദൂഷ്യഫലങ്ങൾ അറിയാത്തവർ ആരാണ് ആധുനിക സമൂഹത്തിലുള്ളത്? സിറോസിസ് പോലെയുള്ള അപകടകരമായ രോഗങ്ങൾ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം മൂലമാണ് പ്രധാനമായും ഉണ്ടാകുന്നത്. കരളിന്റെയും പാൻക്രിയാസിന്റെയും പ്രവർത്തനങ്ങളെ തകരാറിലാക്കുന്ന ലഹരിപദാർഥങ്ങൾ അപകടകാരിയാണെന്ന് മനസ്സിലാക്കിയിട്ടും അവ വിവിധരൂപങ്ങളിൽ പ്രചരിക്കുന്നതിൽ കാര്യമായ യാതൊരു എതിർപ്പും തങ്ങൾക്കില്ല എന്ന മട്ടിലാണ് രാജ്യത്തെയും പൗരന്മാരെയും 'സേവി'ക്കുന്ന അവരുടെ ക്ഷേമൈശ്വരങ്ങൾക്കായി പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്ന ഭരണനേതൃത്വം വരെയുള്ളവർ.

ഖജനാവിലേക്കുള്ള ധനാഗമന മാർഗത്തിന്റെ നല്ലൊരു സ്രോതസ്സായി മദ്യ വ്യവസായത്തെ കാണുന്നവർ അതിന്റെ പിന്നിലൂടെ വരുന്ന ഒട്ടനവധി കഷ്ടനഷ്ടങ്ങൾക്കു നേരെ സൗകര്യപൂർവം കണ്ണടക്കുകയാണ് ചെയ്യുന്നത്. ലഹരി ഉപയോഗത്തിലൂടെ ആ വ്യക്തിയോടൊപ്പം അദ്ദേഹത്തിന്റെ കുടുംബവും സമൂഹവും ഒട്ടേറെ പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. മാനസിക പിരിമുറുക്കങ്ങൾ, മനോവ്യഥകൾ, അശാന്തിയുടെ കാർമേഘങ്ങൾ ഉരുണ്ടുകൂടുന്ന കുടുംബാന്തരീക്ഷങ്ങൾ, അവരിലൂടെ ഉണ്ടാകുന്ന മറ്റു അപകടങ്ങൾ... തുടങ്ങി ലഹരി ഉപയോഗത്തിന്റെ അനുബന്ധമായി വരുന്ന നഷ്ടങ്ങൾ എത്രയോ വലുതാണ്.

ഏകദേശം ലഹരി ഉപയോഗം പോലെ തന്നെയാണ് ചൂതാട്ടങ്ങളുടെയും സ്ഥിതി. ലോട്ടറി കച്ചവടത്തിലൂടെ പാവങ്ങളെ സഹായിക്കുകയും നാടിനെ പുരോഗതിയിലേക്ക് നയിക്കുകയുമൊക്കെയാണ് ചെയ്യുന്നതെന്ന് പറയുന്നവരും അവയുടെ പിന്നിലെ ദുരന്തങ്ങളെയും യാതനകളെയും ശ്രദ്ധിക്കുന്നില്ല. ക്വുർആൻ മദ്യത്തെയും ചൂതാട്ടത്തെയും ഒരേ രൂപത്തിലാണ് എതിർത്തത്. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നംവെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജ്ജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം. പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കുവാനും അല്ലാഹുവെ ഓർമിക്കുന്നതിൽ നിന്നും നമസ്കാരത്തിൽ നിന്നും നിങ്ങളെ തടയുവാനും മാത്രമാകുന്നു. അതിനാൽ നിങ്ങൾ (അവയിൽ നിന്ന്) വിരമിക്കുവാനൊരുക്കമുണ്ടോ?" (5:90,91).

മനുഷ്യന്റെ ബുദ്ധിയെ ഭ്രമിപ്പിക്കുന്ന ലഹരിപദാർഥങ്ങളെയെല്ലാം മ്ലേച്ഛമായിട്ടാണ് മുഹമ്മദ് നബിﷺ പഠിപ്പിച്ചത്. ശമനമല്ല രോഗമാണ് അവയിലുള്ളതെന്ന് ഉണർത്തിയ പ്രവാചകൻﷺ അതിന്റെ ചെറിയ അളവിലെ ഉപയോഗം പോലും വിലക്കിയിട്ടുണ്ട്.

ടി.കെ.അശ്‌റഫ്
thorakkattilashraf@gmail.com



# അസമിലെ നിയമനിർമാണം നൽകുന്ന മുന്നറിയിപ്പ്

സർക്കാർ ഉദ്യോഗസ്ഥർ അവരുടെ മാതാപിതാക്കൾ ഉൾപെടെയുള്ള അടുത്ത ബന്ധുക്കളെ സംരക്ഷിച്ചില്ലെങ്കിൽ അവരുടെ ശമ്പളത്തിൽ നിന്ന് പിഴ ഈടാക്കുവാൻ നിർദേശിക്കുന്ന ബിൽ അസം നിയമസഭ ഈയിടെ പാസാക്കിയതായി നാം കണ്ടു.

രാജ്യത്ത് ആദ്യമായാണ് ഇത്തരം ഒരു നിയമം വരുന്നത്.

മാതാപിതാക്കൾക്ക് മക്കൾ ജോലി ചെയ്യുന്ന വകുപ്പിന്റെ അധികാരികൾക്ക് പരാതി നൽകാൻ ഈ നിയമപ്രകാരം സാധിക്കും. ഉദ്യോഗസ്ഥന്റെ ശമ്പളത്തിന്റെ 10 മുതൽ 15 ശതമാനം വരെ കിഴിവ് ചെയ്ത് മാതാപിതാക്കൾക്ക് നേരിട്ട് നൽകാനും ഈ നിയമം അനുശാസിക്കുന്നു.

മക്കളുടെ പരിചരണം നിഷേധിക്കപ്പെട്ട മാതാപിതാക്കൾക്ക് ഈ നിയമം ആശ്വാസവും മക്കൾക്ക് കനത്ത താക്കീതുമാണ്.

അതോടൊപ്പം നമ്മുടെ സാമൂഹ്യ സാഹചര്യം മാറി വരുന്നതിന്റെ അപകട സൂചനയായും നാം ഇതിനെ വിലയിരുത്തേണ്ടതുണ്ട്.

വൃദ്ധരായ മാതാപിതാക്കൾ പുതിയ തലമുറക്ക് ഒരു ഭാരമായി മാറിക്കൊണ്ടിരിക്കുന്നുവെന്നതിന്റെ വ്യക്തമായ തെളിവ് കൂടിയാണ് ഈ നിയമനിർമാണത്തിലേക്ക് എത്തിച്ച സാഹചര്യം.

മാതാപിതാക്കളോടുള്ള അവഗണന ഒറ്റപ്പെട്ട സംഭവമാണങ്കിൽ ഒരു നിയമനിർമാണം ആവശ്യമായിരുന്നില്ലല്ലോ. പോലീസ് സ്‌റ്റേഷനുകളിലും കോടതികളിലും എത്തുന്ന പരാതികളുടെ ആധിക്യം തന്നെയാണ് അധികാരികളെ ഇങ്ങനെ ചിന്തിക്കുവാൻ പ്രേരിപ്പിച്ചിരിക്കുന്നത്.

ശമ്പളത്തിൽ കൈവെക്കുമെന്ന് ഭീഷണിപ്പെടുത്തി മാതാപിതാക്കളെ പരിചരിക്കുവാൻ നിർബന്ധിക്കുന്നതിലൂടെ സർക്കാർ ഉദ്യോഗസ്ഥന്മാരിലാണ് ഈ കാരുണ്യമില്ലായ്മ കൂടുതൽ കണ്ട് വരുന്നത് എന്നതുകൂടി വ്യക്തമാകുന്നുണ്ട്. വിദ്യാഭ്യാസം ബാധ്യതകൾ വിസ്മരിക്കുവാനാണ് കാരണമാകുന്നതെങ്കിൽ നമ്മുടെ വിദ്യഭ്യാസ സമ്പ്രദായത്തെക്കുറിച്ച് ഒരു പുനരാലോചന അത്യാവശ്യമല്ലേ?

ചിന്തിക്കുക..!

നമുക്കും പ്രായമാവും..!!

നമ്മുടെ മക്കൾ സർക്കാറിന്റെ നടപടി ഭയന്ന് മാത്രം നമ്മെ പരിചരിക്കേണ്ടി വരുന്ന ദുർഗതിയെക്കുറിച്ചൊന്ന് ഓർത്ത് നോക്കൂ. ആദരവും പരിചരണവും നൽകുവാൻ നിർബന്ധിക്കപ്പെടുന്ന ഒരു സമൂഹത്തിന്റെ മനോഭാവം മാറ്റിയെടുക്കുവാൻ ആവശ്യമായ കർമപദ്ധതികൾ ആവിഷ്‌കരിക്കുവാൻ ഇനിയും സമയം വൈകിക്കൂടാ.

ഈ രംഗത്ത് ഇസ്‌ലാം നൽകുന്ന മാർഗദർശനം അതുല്യമാണ്. ഒരു ക്വുർആൻ വചനം കാണുക:

“തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ട് പേരും തന്നെയോ നിന്റെ അടുക്കൽ വെച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ ‘ഛെ’ എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക. കാരുണ്യത്തോട് കൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. ‘എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കണമേ എന്ന് നീ പറയുകയും ചെയ്യുക” (ക്വുർആൻ 17:23,24).

**അശ്‌റഫ് എകരൂൽ**
ashrafekarul@gmail.com





# കുട്ടികളോടൊപ്പം സമയം ചെലവഴിക്കുക

**കു**ട്ടികളിൽ വൈകാരിക, മാനസിക വളർച്ചയെ ത്വരിതപ്പെടുത്തുന്ന ധാരാളം പ്രായോഗിക മാർഗങ്ങൾ പ്രവാചക ജീവിതത്തിന്റെ താളുകളിൽ നമുക്ക് കാണുവാൻ കഴിയും. അതിലെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് അവരുമായി കളി തമാശകളിൽ ഏർപ്പെടുവാൻ പ്രവാചകൻﷺ സമയം കണ്ടെത്തിയിരുന്നുഎന്നത്. മാത്രവുമല്ല അതിൽ അദ്ദേഹം വൈവിധ്യം നിലനിർത്തി. ഒരിക്കൽ ഓടിക്കളിക്കലാണെങ്കിൽ മറ്റൊരിക്കൽ മുതുകിൽ കയറ്റി നടക്കലാവും. അതുമല്ലെങ്കിൽ ഓമനപ്പേര് വിളിച്ച്... അങ്ങനെ അവരെ പലവിധത്തിൽ ആനന്ദിപ്പിച്ചു.

കേവലം ഉപദേശികളായോ കൽപന പുറപ്പെടിവിക്കുന്ന കോടതിയായോ മാത്രമായി പലപ്പോഴും രക്ഷിതാക്കൾ മാറിപ്പോകുന്നതാണ് കുട്ടികളിൽ സ്വന്തം വീടിനോട് വിരക്തിയും ഉപദേശങ്ങളോട് അലസ ഭാവവും ഉണ്ടാക്കുന്നത്. ഒഴിവ് നേരങ്ങളിൽ പരമാവധി വീട്ടിൽ നിൽക്കാതിരിക്കുവാനും പുറത്തു ചുറ്റിത്തിരിയുവാനും കുട്ടികൾക്കു താൽപര്യം വർധിപ്പിക്കുന്നതിനു കാരണം കളി തമാശകൾക്ക് സ്വന്തം വീട്ടിൽ ഇടം ലഭിക്കാത്തതു തന്നെയാവും. ഇവിടെയാണ് നബിﷺ രക്ഷിതാക്കൾക്ക് മാതൃകയാകുന്നത്. പ്രവാചക സാന്നിധ്യം കുട്ടികൾക്ക് അലസതയല്ല, ആനന്ദവും ആഗ്രഹവുമാണ് സമ്മാനിച്ചത്. അത് കൂടുതൽ കിട്ടാൻ അവർ താൽപര്യപ്പെട്ടുകൊണ്ടേയിരുന്നു. നമ്മുടെ മക്കളും അവരുടെ ഒഴിവു വേളകളിൽ നമ്മുടെ സാന്നിധ്യം കൊതിക്കുംവിധം അവരുമായി കളി തമാശകളിൽ ഏർപെടുവാൻ നാം സമയം കണ്ടത്തണം.

അല്ലാഹുവിന്റെ പ്രവാചകൻﷺ കുട്ടികളോടൊപ്പമായ ചില രംഗങ്ങൾ നാം പഠനവിധേയമാക്കി നോക്കുക. അബൂഹുറയ്റ(റ) പറയുകയാണ്: 'എന്റെ ഈ രണ്ടു ചെവികൊണ്ട് ഞാൻ കേൾക്കുകയുണ്ടായി, എന്റെ ഈ രണ്ടു കണ്ണു കൊണ്ട് ഞാൻ കാണുകയുണ്ടായി: നബിﷺ തന്റെ ഇരുകരങ്ങൾ കൊണ്ട് ഹസൻ(റ)വിന്റെയോ (ഹുസൈൻ(റ)വിന്റെയോ) കൈപടങ്ങളിൽ പിടിച്ചു. എന്നിട്ട് അവരുടെ കാൽപാദം നബിയുടെ കാൽപാദത്തിന്മേൽ കയറ്റി വെച്ചു. എന്നിട്ട് നബിﷺ പറഞ്ഞു: 'കയറൂ.' അബൂഹുറയ്റ(റ) പറയുകയാണ്: 'നബിﷺയുടെ നെഞ്ചിൽ തന്റെ കാൽ എടുത്തു വെക്കും വരെ കുട്ടി

കയറി.' പിന്നീട് നബിﷺ പറഞ്ഞു: 'നിന്റെ വായ തുറക്കൂ.' പിന്നെ നബിﷺ അവനെ ചുംബിച്ചു. എന്നിട്ട് അല്ലാഹുവോട് ഇങ്ങനെ പ്രാർഥിച്ചു: 'അല്ലാഹുവേ, നീ ഇവനെ ഇഷ്ടപ്പെടേണമേ, ഞാൻ തീർച്ചയായും ഇഷ്ടപ്പെടുന്നു'(ബുഖാരി, അദബുൽ മുഫ്റദ്).

മറ്റു ചില റിപ്പോർട്ടുകളിൽ (നിഹായ: ഇബ്നുൽ അസീർ) 'കൊച്ചുകുട്ടീ... കൊച്ചുകുട്ടീ... കയറൂ... കണ്ണിറുങ്ങിയ കൊച്ചുകുട്ടീ...' എന്നിങ്ങനെ പറഞ്ഞതായി കാണാം. വാത്സല്യം നിറഞ്ഞൊഴുകുമ്പോൾ പേര് ചുരുക്കിയും കുട്ടിത്തത്തെ ഉയർത്തിക്കാട്ടിയും നബിﷺ അവരെ വിളിക്കുമായിരുന്നുവെന്നർഥം. ഇമാം ബുഖാരിയും മുസ്‌ലിമും മറ്റും ഉദ്ധരിക്കുന്ന അനസ്ؓവിൽ നിന്നുള്ള മറ്റൊരു റിപ്പോർട്ടിൽ പറയുന്നു: "നബിﷺ ഏറ്റവും നല്ല സ്വഭാവത്തിന്റെ ഉടമയായിരുന്നു. എനിക്ക് ഒരു സഹോദരൻ ഉണ്ടായിരുന്നു. അബൂ ഉമൈർ എന്നായിരുന്നു അവനെ വിളിക്കാറുണ്ടായിരുന്നത്. അവൻ എപ്പോഴെങ്കിലും ഞങ്ങളുടെ അടുത്ത് വന്നാൽ നബിﷺ അവനോടു ചോദിക്കും: 'അബൂ ഉമൈർ! നിന്റെ പക്ഷിക്കുഞ്ഞിനെ നീ എന്ത് ചെയ്തു?' അവൻ കളിപ്പിച്ചു കൊണ്ടിരുന്ന ഒരു കുഞ്ഞിപ്പക്ഷി ഉണ്ടായിരുന്നു. നബിﷺ അതിനെപ്പറ്റിയായിരുന്നു ഇങ്ങനെ ചോദിക്കാറുള്ളത്.

ഇമാം അഹ്മദ് (റഹി) അനസ്ؓവിൽ നിന്ന് നിവേദനം: നബിﷺ ഉമ്മു സുലൈമിനെ സന്ദർശിക്കാറുണ്ടായിരുന്നു. അവർക്ക് അബൂത്വൽഹയിൽ അബൂ ഉമൈർ എന്ന ഒരു കുട്ടിയുണ്ടായിരുന്നു. അവനെനബിﷺ തമാശകൾ പറഞ്ഞ് ചിരിപ്പിക്കാറുണ്ടായിരുന്നു. ഒരിക്കൽ നബിﷺ അവന്റെ അടുത്ത് ചെന്നപ്പോൾ വളരെ ദുഃഖിതനായി കണ്ടു. അന്നേരം അവിടുന്ന് കാരണം തിരക്കി. അവർ പറഞ്ഞു: 'അവന്റെ പക്ഷിക്കുഞ്ഞ് ചത്തുപോയി.' അപ്പോൾ നബിﷺ അവനോട് (തമാശയിൽ) ചോദിച്ചു: 'അബാ ഉമൈർ! നീ പക്ഷിക്കുഞ്ഞിനെ എന്ത് ചെയ്തു?' ഈ ഹദീഥിനെ പരാമർശിച്ചുകൊണ്ട് ഇബ്നു ഹജർ ഫത്ഹുൽബാരിയിൽ എഴുതിയത് തമാശ പറയുന്നത് അനുവദനീയമാണെന്നതിനും കുട്ടികളോട് തമാശ പറയുന്നതിൽ അനുവാദമുണ്ടെന്നതിനും ഇത് തെളിവാണ് എന്നാണ്.

നബിﷺ ആളുകൾക്കിടയിലൂടെ പേരക്കുട്ടിയായ ഹുസൈൻؓവിനെ പിടിക്കാൻ കൈ നീട്ടി ചെന്നതും അവനെ ചിരിപ്പിച്ചതുമായ സംഭവം മുമ്പ് വിവരിച്ചത് വായനക്കാർ ഓർക്കുന്നുണ്ടാകുമല്ലോ.

നബിﷺ കുഞ്ഞുങ്ങളെ തോളിൽ കയറ്റി വെക്കാറുണ്ടായിരുന്നു. അവർക്ക് കയറുവാൻ അനുവാദം നൽകാറുമുണ്ടായിരുന്നു. അബ്ദുല്ലാഹിബ്നു ശിദാദിؓൽ നിന്ന് ഉദ്ധരിക്കുകയും ഇമാം അൽബാനി സ്വഹീഹ് എന്ന നിലയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമായ ഒരു ഹദീഥിന്റെ ആശയം ഇപ്രകാരമാണ്: ഒരിക്കൽ ദുഹ്ർ അല്ലെങ്കിൽ അസ്വ്ർ നമസ്കാരത്തിന് നബിﷺ ഹുസൈൻؓവിനെ അല്ലെങ്കിൽ ഹസൻؓവിനെ തോളിലേറ്റി കൊണ്ട് വന്നു. നമസ്കാരം തുടങ്ങുമ്പോൾ തന്റെ വലത് വശത്തു വെച്ച് ഇമാമായി നമസ്കരിച്ചു. നബിﷺ സുജൂദിൽ എത്തിയപ്പോൾ അവൻ നബിﷺയുടെ കഴുത്തിൽ കയറി ഇരുന്നു. നബി (അവൻ ഇറങ്ങുന്നത് വരെ) സുജൂദ് വൈകിപ്പിച്ചു. നമസ്കാര ശേഷം സുജൂദിന്റെ ദൈർഘ്യത്തെ കുറിച്ച് സ്വഹാബികൾ ചോദിച്ചപ്പോൾ നബിﷺ പറഞ്ഞു: 'എന്റെ മകൻ എന്നെ വാഹനമാക്കി. അവന്റെ ആവശ്യം പൂർത്തീകരിക്കാതെ ധൃതി കാണിക്കുന്നത് ഞാൻ വെറുത്തു.'

ഇത്തരം സമീപനങ്ങൾ കുഞ്ഞുങ്ങളുടെ മാനസിക നിലവാരത്തെ ഉയർത്തുകയും വൈകാരിക തലങ്ങളെ പരിപോഷിപ്പിക്കുകയും ചെയ്യും. നബിയുടെ ഈ സമീപനങ്ങൾ കണ്ട സ്വഹാബികൾ, അതുകൊണ്ടു തന്നെ തങ്ങളുടെ മക്കളോട് ഇതേ രീതിയിൽ പെരുമാറുകയും തന്മൂലം വൈകാരിക മൂല്യങ്ങളുള്ള തലമുറകളായി അവർ വളരുകയും ചെയ്തു.

കുട്ടികളുടെ മനസ്സിനെ സ്വാധീനിക്കുകയും വളർത്തുകയും ചെയ്യുന്ന മറ്റൊരു സമീപനമാണ് അവർക്ക് സമ്മാനങ്ങളും മറ്റും നൽകി സന്തോഷിപ്പിക്കുക എന്നത്. സമ്മാനങ്ങൾ നൽകുകയെന്നത് ഏതൊരു മനുഷ്യ മനസ്സിലും സന്തോഷവും സാധീനവും ഉണ്ടാക്കുന്ന കാര്യമാണ്. കുട്ടികൾക്ക് പ്രത്യേകിച്ചും. നബിﷺ പറഞ്ഞു: "നിങ്ങൾ പരസ്പരം സമ്മാനങ്ങൾ നൽകുക. (അത് മൂലം) പരസ്പരം സ്നേഹിക്കുകയും ചെയ്യുക." (ഇബ്നു ഹജറുൽ അസ്ക്വലാനി, ബുലൂഗുൽ മറാം).


ഇമാം മുസ്‌ലിം അബൂഹുറയ്റؓയിൽ നിന്ന് നിവേദനം: കൃഷി വിളവെടുപ്പിൽ ആദ്യത്തെ ഫലം നബിﷺക്ക് എത്തിച്ചു കൊടുക്കും. അപ്പോൾ നബിﷺ പ്രാർഥിക്കും: 'അല്ലാഹുവേ, ഞങ്ങളുടെ പട്ടണത്തിനു നീ അനുഗ്രഹം നൽകേണമേ. ഞങ്ങളുടെ ഫലവർഗങ്ങളിലും ഞങ്ങളുടെ അളവിലും നീ അനുഗ്രഹത്തിന് മേൽ അനുഗ്രഹം നൽകേണമേ.' എന്നിട്ട് അതിൽനിന്ന് അൽപമെടുത്ത് കൂടി നിന്നവരിൽ ഏറ്റവും ചെറിയ കുട്ടികൾക്കു നൽകും.

അബൂദാവൂദ് ആഇശؓയിൽ നിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ നമുക്ക് ഇങ്ങനെ കാണാം: ഒരിക്കൽ നബിﷺക്ക് നജ്ജാശി രാജാവിൽ നിന്ന് കൊത്തുപണികളോട് കൂടിയ ഒരു മോതിരം പാരിതോഷികമായി കൊടുത്തയച്ചു. നബിﷺ അത് തിരിച്ചും മറിച്ചും നോക്കിയതിന് ശേഷം സൈനബിؓന്റെ മകൾ ഉമാമ ബിൻത് അബുൽ ഇസ്സിനെ വിളിച്ചിട്ട് പറഞ്ഞു: 'നീ ഇത് അണിഞ്ഞോ മോളേ.'

കുട്ടികളുടെ മാനസിക വളർച്ചക്ക് സഹായിക്കുന്ന ഇതുപോലുള്ള പലതും നബിﷺയുടെ ജീവിതത്തിൽ നമുക്ക് കാണുവാൻ സാധിക്കും. **(തുടരും)** ●

ശഹീറുദ്ദീൻ ചുഴലി
mail@nerpatham.com

ലേഖനം



# സുപ്രധാനമായ ചില വിശ്വാസ കാര്യങ്ങൾ

ഇമാം ഇബ്നുഅബീദാവൂദ്(റഹി)യുടെ 'അൽമൻളൂമത്തുൽ ഹാഇയ്യഃ' എന്ന ഗ്രന്ഥത്തിന്റെ ആദ്യ വരിയുടെ വിശദീകരണമാണിത്. മുപ്പത്തി മൂന്ന് വരിയുള്ള ആ കവിതാസമാഹാരത്തിൽ അഹ്‌ലുസ്സുന്നയുടെ വിശ്വാസ കാര്യങ്ങളിൽ സുപ്രധാനങ്ങളായ ചില കാര്യങ്ങളെയാണ് പരാമർശിക്കുന്നത്. അതിൽ ആദ്യത്തെ രണ്ട് വരി അഹ്‌ലുസ്സുന്നയുടെ മൻഹജ് എന്താവണം എന്ന് നിർദേശിക്കുകയാണദ്ദേഹം.

അല്ലാഹു മനുഷ്യർക്ക് നൽകിയ ഏറ്റവും വലിയ അനുഗ്രമാണ് ഈമാൻ അഥവാ വിശ്വാസം. ഇഹലോകത്തും പരലോകത്തും വിജയം അത്തരക്കാർക്കാണ്.

"ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും, പിന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ളവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞ് കൊള്ളുക" (ക്വുർആൻ 40:30).

ഈ വചനത്തെ വിശദീകരിച്ച് ഇമാം സഅദി(റഹി) പറഞ്ഞു:

"അതായത്, അല്ലാഹുവിന്റെ റുബൂബിയ്യത് (സൃഷ്ടികർതൃത്വം) അംഗീകരിക്കുകയും തൃപ്തിപ്പെടുകയും പ്രഖ്യാപിക്കുകയും അവന്റെ കൽപനകൾക്ക് കീഴൊതുങ്ങുകയും വിശ്വാസപരവും കർമപരവുമായ കാര്യങ്ങളിൽ നേരായ പാതയിൽ നിലകൊള്ളുകയും ചെയ്തവരാരോ അവർക്ക് ഇഹലോകത്തും പരലോകത്തും സന്തോഷ വാർത്തയുണ്ട്" (തഫ്സീറുസ്സഅ്ദി).



വിശ്വാസ കാര്യങ്ങൾ പഠിക്കൽ വിശ്വാസികളെ സംബന്ധിച്ച് അത്യന്താപേക്ഷിതമാണ്. ഇസ്‌ലാമിന്റെ അടിത്തറ വിശ്വാസമാണ്. കർമം അതിന്റെ പൂർത്തീകരണം മാത്രമാണ്. എങ്കിലും കർമം ഈമാനിന്റെ ഭാഗമാണ്; ഈമാനിൽ നിന്ന് പുറത്തല്ല. അക്വീദ ശരിയാവാത്ത കർമങ്ങൾ നിഷ്ഫലമാണ്. കപട വിശ്വാസികളുടെ കർമങ്ങൾ സ്വീകരിക്കാതിരിക്കുവാനുള്ള കാരണമായി അല്ലാഹു പറഞ്ഞത്, അവരുടെ അക്വീദ പിഴച്ചതാണെന്നാണ്.

“അവർ അല്ലാഹുവിലും അവന്റെ ദൂതനിലും അവിശ്വസിച്ചിരിക്കുന്നു എന്നതും മടിയന്മാരായിക്കൊണ്ടല്ലാതെ അവർ നമസ്കാരത്തിന് ചെല്ലുകയില്ല എന്നതും വെറുപ്പുള്ളവരായിക്കൊണ്ടല്ലാതെ അവർ ചെലവഴിക്കുകയില്ല എന്നതും മാത്രമാണ് അവരുടെ പക്കൽ നിന്ന് അവരുടെ ദാനങ്ങൾ സ്വീകരിക്കപ്പെടുന്നതിന് തടസ്സമായിട്ടുള്ളത്”(ക്വുർആൻ 9:54).

അഖീദ ശരിയാകാത്തവരുടെ കർമങ്ങൾ ധൂളികളാക്കി മാറ്റുമെന്നാണ് അല്ലാഹു പറഞ്ഞത്:

“അവർ പ്രവർത്തിച്ച കർമങ്ങളുടെ നേരെ നാം തിരിയുകയും നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും” (ക്വുർആൻ 25:23).

ഈ സൂക്തത്തെ വിശദീകരിച്ച് ഇമാം സഅ്ദി പറഞ്ഞു:

“അല്ലാഹു സ്വീകരിക്കുന്ന കർമം നിഷ്ക്കളങ്കതയോടെ വിശ്വസിക്കുകയും വിശ്വാസത്തിൽ പ്രവാചകന്മാരെ പിൻപറ്റുകയും ചെയ്യുന്നവരിൽ നിന്നുമാണ്”(തഫ്സീറുസ്സഅ്ദി)

എന്താണ് അക്വീദ, ആരാണ് അഹ്‌ലുസ്സുന്ന, എന്താണ് അവരുടെ പാത എന്നതെല്ലാം മറ്റെന്തിനെക്കാളും ഏറെ നാം പഠിക്കേണ്ട കാര്യങ്ങളാണ്.

**എന്താണ് അക്വീദ?**

ഭാഷാപരമായി അക്വീദ എന്നാൽ ദൃഢത, ഉറപ്പ്, സ്ഥിരപ്പെട്ടത്, ഭദ്രമായത് എന്നൊക്കെയാണ് അർഥം. അക്വീദ ‘അക്ദ്’ എന്ന ക്രിയാനാമത്തിൽ നിന്നുമുണ്ടായതാണ്. കെട്ടിയിടുക, ഉറപ്പിക്കുക, ശക്തിപ്പെടുത്തുക എന്നൊക്കെയാണ് ‘അക്വദ’ യുടെ അർഥം.

ഇതിൽ നിന്നാണ് വിവാഹക്കരാർ എന്ന (ഉക്ദത്തുന്നികാഹ്) പ്രയോഗം ഉണ്ടായത്. അതുപോലെയാണ് വിശ്വാസക്കരാർ എന്നതും (ഉക്ദത്തുൽ യമീൻ) ഉണ്ടായത്. ഈ പ്രയോഗം ക്വുർആനിൽ കാണാവുന്നതാണ്:

“ബോധപൂർവമല്ലാത്ത നിങ്ങളുടെ ശപഥങ്ങളുടെ പേരിൽ അവൻ നിങ്ങളെ പിടികൂടുകയില്ല. എന്നാൽ നിങ്ങൾ ഉറപ്പിച്ചു ചെയ്ത് ശപഥങ്ങളുടെ പേരിൽ അവൻ നിങ്ങളെ പിടികൂടുന്നതാണ്” (ക്വുർആൻ 5:89).

“(വിവാഹമുക്തകളുമായി) വിവാഹബന്ധം സ്ഥാപിക്കുവാൻ നിങ്ങൾ തീരുമാനമെടുക്കരുത്” (ക്വുർആൻ 2:235).

“അല്ലെങ്കിൽ വിവാഹക്കരാർ കൈവശം വെച്ചിരിക്കുന്നവൻ (ഭർത്താവ്) (മഹ്ർ പൂർണമായി നൽകിക്കൊണ്ട്) വിട്ടുവീഴ്ച ചെയ്യുന്നുവെങ്കിലല്ലാതെ” (ക്വുർആൻ 2:237).

മൂസാ നബി(ﷺ)യുടെ പ്രാർഥനയിൽ ഇങ്ങനെ കാണാം: “എന്റെ നാവിൽ നിന്ന് നീ കെട്ടഴിച്ച് തരേണമേ” (ക്വുർആൻ 20:27).

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു: “നിങ്ങളുടെ വലംകൈകൾ ബന്ധം സ്ഥാപിച്ചിട്ടുള്ളവർക്കും അവരുടെ ഓഹരി നിങ്ങൾ കൊടുക്കുക.”(ക്വുർആൻ 4:33).

ചുരുക്കിപ്പറഞ്ഞാൽ ‘സംശയത്തിനിടയില്ലാത്ത വിധി’ക്കാണ് ഭാഷയിൽ അക്വീദ എന്ന് പറയുക. മതത്തിൽ ‘അക്വീദ’ എന്ന് വിശ്വാസപരമായ കാര്യങ്ങൾക്കാണ് പറയുക.

സത്യമാകട്ടെ, അസത്യമാകട്ടെ ഒരു വ്യക്തി തന്റെ ഹൃദയത്തിൽ ഉറപ്പിക്കുന്ന (കെട്ടിയിടുന്ന) കാര്യത്തിനും ഭാഷയിൽ അക്വീദ എന്ന് പറയും.

**വിശ്വാസ കാര്യങ്ങൾ പഠിക്കൽ വിശ്വാസികളെ സംബന്ധിച്ച് അത്യന്താപേക്ഷിതമാണ്. ഇസ്‌ലാമിന്റെ അടിത്തറ വിശ്വാസമാണ്. കർമം അതിന്റെ പൂർത്തീകരണം മാത്രമാണ്. അക്വീദ ശരിയാവാത്ത കർമങ്ങൾ നിഷ്ഫലമാണ്. കപടവിശ്വാസികളുടെ കർമങ്ങൾ സ്വീകരിക്കാതിരിക്കുവാനുള്ള കാരണമായി അല്ലാഹു പറഞ്ഞത്, അവരുടെ അക്വീദ പിഴച്ചതാണെന്നാണ്.**

'യാതൊരു സംശയവും കടന്ന് കൂടാത്ത വാസ്തവത്തോട് യോജിച്ച ദൃഢമായ വിശ്വാസത്തിനാണ് സാങ്കേതികമായി അക്വീദ എന്ന് പറയുന്നത്. ദൃഢതയില്ലാത്ത അറിവിന് അക്വീദ എന്ന് പറയുകയില്ല.

മനുഷ്യൻ ഒരു കാര്യത്തെ തന്റെ ഹൃദയത്തിൽ കെട്ടി ഭദ്രമാക്കുന്നതിനാലാണ് ഇതിന് അക്വീദ എന്ന് നാമകരണം ചെയ്യപ്പെട്ടത്.

അൽ അക്വീദത്തുൽ ഇസ്‌ലാമിയ്യ എന്ന് നിരുപാധികം പറഞ്ഞാൽ അത് അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ അക്വീദയാണ്.

അക്വീദക്ക് അസ്സുന്ന, അശ്ശരീഅ, ഉസൂലുദ്ദീൻ, അത്തൗഹീദ് എന്നെല്ലാം പേരുകളുണ്ട്.

**ആരാണ് അഹ്‌ലുസ്സുന്ന?**

'സലഫ്' എന്ന പ്രയോഗം കൊണ്ട് എന്താണോ വിവക്ഷിക്കപ്പെടുന്നത് അതു തന്നെയാണ് 'അഹ്‌ലുസ്സുന്ന' എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിക്കപ്പെടുന്നതും. അഹ്‌ലുസ്സുന്നത്തി വൽ ജമാഅയുടെ വിവക്ഷ എന്താണെന്ന് ഇമാം ബർബഹാരി പറയുന്നു:

"സുന്നത്ത് എന്നാൽ നബിﷺ ചര്യയാക്കിയതും ജമാഅത്തെന്നാൽ അബൂബക്ർ, ഉമർ, ഉഥ് മാൻ എന്നിവരുടെ ഖിലാഫത്ത് കാലത്ത് സ്വഹാബികൾ ഏകോപിച്ചതുമായ കാര്യമാണ്" (ശറഹുസ്സുന്ന).

രണ്ടർഥത്തിൽ പണ്ഡിതന്മാർ അഹ്‌ലുസ്സുന്ന എന്ന് പ്രയോഗിക്കാറുണ്ട്.

1. പ്രത്യേകാർഥത്തിൽ.
2. പൊതുവായ അർഥത്തിൽ.

* പ്രത്യേകാർഥത്തിൽ അഹ്‌ലുസ്സുന്ന എന്നാൽ അവർ സ്വഹാബികളും താബിഉകളും തബഉത്താബിഉകളും അവരുടെ പാതയിൽ നിലകൊണ്ടവരുമാണ്. ഇവരാണ് റസൂൽﷺ നന്മയിലാണെന്ന് സാക്ഷ്യം വഹിച്ചവർ:

"ഏറ്റവും നല്ല തലമുറ ഞാൻ നിയോഗിക്കപ്പെട്ട തലമുറയും പിന്നെ ശേഷക്കാരും പിന്നെ ശേഷക്കാരും ആണ്" (ബുഖാരി, മുസ്‌ലിം).

ഈ അർഥത്തിൽ ബിദ്ഈ കക്ഷികളെല്ലാം അഹ്‌ലുസ്സുന്ന എന്ന പ്രയോഗത്തിന്റെ പുറത്താണ്. അഹ്‌ലുസ്സുന്ന എന്ന് പണ്ട് മുതലേ പ്രയോഗിക്കപ്പെട്ടിട്ടുണ്ട്.

അല്ലാഹു പറയുന്നു: "ചില മുഖങ്ങൾ വെളുക്കുകയും ചില മുഖങ്ങൾ കറുക്കുകയും ചെയ്യുന്ന ഒരു ദിവസത്തിൽ" (ക്വുർആൻ 3:106).

ഈ വചനത്തെ വിശദീകരിച്ച് ഇമാം ഇബ്നു അബ്ബാസ് പറഞ്ഞതായി ഇബ്നു കഥീർ(റഹി) ഉദ്ധരിക്കുന്നു:

"അഹ്‌ലുസ്സുന്നത്തി വൽ ജമാഅയുടെ മുഖങ്ങൾ വെളുക്കും, ബിദ്അത്തിന്റെയും വിഘടന കക്ഷികളുടെയും മുഖങ്ങൾ കറുക്കും" (തഫ്സീർ ഇബ്നു കഥീർ).

ഹദീഥുകളിൽ വന്ന 'ജമാഅ' കൊണ്ടുള്ള വിവക്ഷ ഇവരാണ്. ആദ്യത്തെ മൂന്ന് തലമുറകളാണ് സലഫുകൾ. അവരും അവരുടെ മാർഗം പിന്തുടർന്ന വരുമാണ് അഹ്‌ലുസ്സുന്ന.

നബിﷺ പറഞ്ഞു: "യഹൂദികൾ എഴുപത്തി ഒന്ന് വിഭാഗവും നസ്വാറാക്കൾ എഴുപത്തി രണ്ട് വിഭാഗവും ആയി. ഈ ഉമ്മത്ത് പിന്നീട് എഴുപത്തി മൂന്ന് വിഭാഗമാകും. എല്ലാവരും നരകത്തിലായിരിക്കും; ഒരു കൂട്ടരൊഴികെ." അവർ ചോദിച്ചു: "ആരാണ് പ്രവാചകരേ, ആ ഒരു സംഘം?" പ്രവാചകൻﷺ പറഞ്ഞു: "ഞാനും എന്റെ സ്വഹാബത്തും ഇന്ന് ഏതൊരു നിലപാടിലാണോ അതിൽ നിലകൊള്ളുന്നവർ" (അബൂദാവൂദ്, തിർമിദി, അഹ്മദ്).

പ്രവാചകനും മൂന്ന് ഉത്തമ നൂറ്റാണ്ടുകാരും നിലകൊണ്ട പാതക്കാണ് 'അസ്സലഫിയ്യ' എന്ന് പറയു


## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com



ന്നത്. ഈ സംഘവും ഈ പാതയും അല്ലാഹുവിന്റെ തീരുമാനം വരുന്നത് വരെ ലോകത്ത് പ്രകടമായി തന്നെ നിലകൊള്ളും.

റസൂൽﷺ പറയുന്നു: "എന്റെ ഉമ്മത്തിൽ നിന്നും ഒരു സംഘം എപ്പോഴും സത്യത്തിലായിരിക്കും. അവരെ കയ്യൊഴിഞ്ഞവർ അവർക്ക് യാതൊരു ദോഷവും ചെയ്യുകയില്ല. അല്ലാഹുവിന്റെ തീരുമാനം വരുന്നത് വരെ അവർ ആ പാതയിലായിരിക്കും" (മുസ്‌ലിം).

ഈ സംഘത്തെ സംബന്ധിച്ച് അല്ലാഹു പറയുന്നു:

"മുഹാജിറുകളിൽ നിന്നും അൻസ്വാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം" (ക്വുർആൻ 9:100).

ഈ വചനത്തിലൂടെ അല്ലാഹു മുഹാജിറുകളെയും അൻസ്വാറുകളെയും അവരെ പിൻപറ്റിയവരെയും പുകഴ്ത്തുകയും അവരിൽ അല്ലാഹു തൃപ്തനാണെന്ന് പറയുകയും അവർക്ക് സ്വർഗം വാഗ്ദാനം ചെയ്യുകയും ചെയ്തിരിക്കുന്നു.

മറ്റൊരു വചനത്തിൽ അവർക്കെതിരാകുന്നവരെ സംബന്ധിച്ച് അല്ലാഹു പറയുന്നു: "തനിക്ക് സന്മാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!" (ക്വുർആൻ 4:115).

ഭിന്നതകൾ ഉടലെടുക്കുമ്പോൾ ഈ പാത മുറുകെ പിടിക്കാനാണ് റസൂൽﷺ സമുദായത്തോട് നിർദേശിച്ചത്:

"നിങ്ങളിൽ ജീവിക്കുന്നവർ പിന്നീട് പല അഭിപ്രായ ഭിന്നതകളും കാണും. അപ്പോൾ എന്റെ പാതയും എന്റെ സച്ചരിതരായ ഖുലഫാഉകളുടെ പാതയും മുറുകെ പിടിക്കുകയും അണപ്പല്ല് കൊണ്ട് കടിച്ച് പിടിക്കുകയും ചെയ്യുക."

ഇമാം ഇബ്നു മസ്ഊദ്ؓ പറയുന്നു: "നിങ്ങളാരെങ്കിലും വല്ലവരെയും പിൻപറ്റുന്നുണ്ടെങ്കിൽ മരിച്ച് പോയവരെ പിൻപറ്റുക. ജീവിച്ചിരിക്കുന്നവർ ഫിത്നയിൽ നിന്നും നിർഭയരല്ല. അവർ (മരിച്ച് പോയവർ) മുഹമ്മദ് നബിﷺയുടെ സ്വഹാബികളാണ്. അവർ ഈ ഉമ്മത്തിലെ നന്മ നിറഞ്ഞ ഹൃദയമുള്ളവരാണ്. അഗാധമായ അറിവുള്ളവരാണ്. കൃത്രിമത്തം തീരെ ഇല്ലാത്തവരാണ്. പ്രവാചകനോടൊത്ത് സഹവസിക്കുവാനും ദീനിനെ നിലനിർത്തുവാനും അല്ലാഹു അവരെയാണ് തെരഞ്ഞെടുത്തത്. അവരോടുള്ള ബാധ്യത നീ തിരിച്ചറിയുകയും അവരുടെ പാത മുറുകെ പിടിക്കുകയും ചെയ്യുക. തീർച്ചയായും അവർ നേരായ പാതയിലാണ്."

ശേഷക്കാരായ പണ്ഡിതന്മാരെല്ലാം ഈ പാത മുറുകെ പിടിച്ചവരും പ്രോൽസാഹിപ്പിച്ചവരുമാണ്.

ഇമാം ഔസാഈ (റഹി) പറയുന്നു: "നീ സുന്നത്തിൽ ക്ഷമിച്ച് നിൽക്കുക സ്വഹാബക്കൾ നിന്നിടത്ത്." ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

# അന്നദാതാവിനോട് നന്ദികാണിക്കുക

**അനസുബ്നു മാലിക്ﷺ പറയുന്നു. നബിﷺ പറഞ്ഞു: "തീർച്ചയായും ഒരു ദാസനെകുറിച്ച് അല്ലാഹു സംതൃപ്തനാണ്. അവൻ എന്തെങ്കിലും ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്താൽ അല്ലാഹുവിനെ സ്തുതിക്കും" (ബുഖാരി).**

മനുഷ്യൻ വിശപ്പും ദാഹവുമുള്ള ഒരു ജീവിയാണ്. നല്ല ഭക്ഷണം കഴിക്കുവാനും ഉത്തമ പാനീയങ്ങൾ കുടിക്കുവാനും ആഗ്രഹിക്കാത്തവരില്ല. പട്ടിണിപ്പാവങ്ങൾ പൈദാഹമകറ്റാൻ എന്തെങ്കിലും കിട്ടിയിരുന്നെങ്കിൽ എന്നാശിക്കുമ്പോൾ സമ്പന്നർ കൂടുതൽ കൂടുതൽ ഉത്തമമായവ കിട്ടുവാൻ തിടുക്കം കൂട്ടുന്നു.

ആരാണ് മനുഷ്യർക്ക് വിശപ്പടക്കുവാനും പോഷണം നേടുവാനും ആവശ്യമായ ധാന്യങ്ങളും പഴവർഗങ്ങളും പച്ചക്കറികളുമെല്ലാം ഉദ്പാദിപ്പിക്കുന്നത്? ആരാണ് ഉപരിലോകത്തുനിന്ന് ശുദ്ധമായ വെള്ളം മഴയായി ഇറക്കിത്തരുന്നത്? സമുദ്രങ്ങളുടെയും നദികളുടെയും മറ്റും വിധാതാവ് ആരാണ്? കിണറുകൾ കുഴിക്കുമ്പോൾ വെള്ളം കിട്ടുന്നതരത്തിൽ ഭൂമിക്കുള്ളിൽ വെള്ളം തടഞ്ഞുനിർത്തുന്നത് ആരാണ്?

ഇതിലൊന്നും മനുഷ്യർക്ക് യാതൊരു പങ്കുമില്ല. സർവശക്തനും കാരുണ്യവാനുമായ അല്ലാഹുവാണിതിന് പിന്നിൽ എന്ന് സത്യവിശ്വാസികൾ പറയുമ്പോൾ അതിനെ പുഛിച്ചുതള്ളിക്കൊണ്ട് യുക്തിവാദികളും നിരീശ്വരവാദികളും പറയുന്നത് അതെല്ലാം പ്രകൃതി നിയമങ്ങളാണ് എന്നാണ്! പദ്ധതികൾ ആസൂത്രണം ചെയ്യുവാനും നിയമങ്ങൾ ആവിഷ്കരിക്കുവാനും ബുദ്ധിയും ചിന്തയും ആവശ്യമാണ്. പ്രകൃതി അത്തരത്തിലുള്ളതാണോ? ഒരിക്കലുമല്ല.

വിശുദ്ധ ക്വുർആൻ പറയുന്നു: "അഥവാ, ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും നിങ്ങൾക്ക് ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതരികയും ചെയ്തവൻ ആരാണ്? എന്നിട്ട് അത് മുഖേന കൗതുകമുള്ള ചില തോട്ടങ്ങൾ നാം മുളപ്പിക്കുകയും ചെയ്തു. അവയിലെ വൃക്ഷങ്ങൾ മുളപ്പിക്കുവാൻ നിങ്ങൾക്ക് കഴിയുമായിരുന്നില്ല. അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? അല്ല, അവർ വ്യതിചലിച്ചുപോകുന്ന ഒരു ജനതയാകുന്നു" (ക്വുർആൻ 27:60).

"പറയുക: നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ആരാണ് നിങ്ങൾക്ക് ഒഴുകുന്ന ഉറവുവെള്ളം കൊണ്ടുവന്ന് തരിക?" (67:30).

"അല്ലെങ്കിൽ അല്ലാഹു തന്റെ ഉപജീവനം നിർത്തിവെച്ചാൽ നിങ്ങൾക്ക് ഉപജീവനം (അന്നം) നൽകുന്നവനായി ആരുണ്ട്?...." (67:21).

പട്ടിണി കിടക്കുന്നവർക്കേ വിശപ്പിന്റെ കാഠിന്യവും അന്നത്തിന്റെ വിലയുമറിയൂ. ദാഹിച്ച് വലയുന്നവർക്കേ ദാഹത്തിന്റെ പരവശതയും വെള്ളത്തിന്റെ അമൂല്യതയുമറിയൂ. വിശപ്പും ദാഹവും അനുഭവിക്കുന്നവന് ആരെങ്കിലും ഭക്ഷണവും വെള്ളവും നൽകിയാൽ അത് നൽകിയവനോട് അയാൾ നന്ദി കാണിക്കുമെന്നതിൽ സംശയമില്ല. പല അധോലോകനായകരും പാവപ്പെട്ടവരുടെ 'കൺകണ്ട ദൈവമായി' വിലസുന്നത് അവരുടെ പട്ടിണിയകറ്റാനുള്ള വക ലഭിക്കുന്നു എന്ന കാരണത്താലാണ്. ജീവൻ ത്യജിച്ചുകൊണ്ടാണെങ്കിലും തങ്ങൾക്ക് അന്നം നൽകുന്നവരെ സംരക്ഷിക്കാൻ ആ പാവങ്ങൾ തയാറാവുകയും ചെയ്യും. എന്നാൽ ഇതെല്ലാം ഒരുക്കിത്തരുന്ന സ്രഷ്ടാവിനെ ഓർക്കുവാനും അവനോട് നന്ദി കാണിക്കുവാനും സന്മനസ്സുള്ളവർ വിരളമാണ്!

ആഹരിക്കുന്നതും പാനംചെയ്യുന്നതും അല്ലാഹുവിന്റെ നാമത്തിലായിരിക്കണമെന്നും അവസാനിക്കുമ്പോൾ അവനെ സ്തുതിക്കണമെന്നും ഇസ്‌ലാം അനുശാസിക്കുന്നു. ഭക്ഷണവും വെള്ളവും നൽകുന്നവൻ അല്ലാഹുവാണ്. അവ കിട്ടാതെ വലയുന്നവർ ധാരാളമുണ്ട്. എല്ലാം ഉണ്ടായിട്ടും ഭക്ഷണം കഴിക്കുവാനും വെള്ളം കുടിച്ച് ദാഹമകറ്റുവാനും സാധിക്കാത്ത എത്രയോ രോഗികളുണ്ട്. ഇതൊക്കെ ഓർക്കുന്ന ഒരു മനുഷ്യന് അത്തരത്തിലുള്ള തടസ്സങ്ങൾ ഒന്നുമില്ലാത്ത അവസ്ഥ നൽകിയ അല്ലാഹുവിനെ ഓർക്കാതെ എങ്ങനെ ഭക്ഷണം കഴിക്കാൻ കഴിയും? വെള്ളം കുടിക്കാൻ കഴിയും? വിശപ്പും ദാഹവുമകന്നാൽ എങ്ങനെ അല്ലാഹുവിനെ സ്തുതിക്കാതിരിക്കാൻ കഴിയും? ഒരു ഗ്ലാസ് വെള്ളം കുടിച്ചാൽപോലും സത്യവിശ്വാസി റബ്ബിനെ സ്തുതിക്കും; കാരണം അവനാണത് നൽകിയത്. അതിന് അവൻ നന്ദി കാണിക്കേണ്ടതുണ്ട്. അങ്ങനെ നന്ദി സൂചകമായി അല്ലാഹുവിനെ സ്തുതിക്കുന്നവനെക്കുറിച്ച് അല്ലാഹു സംതൃപ്തനായിരിക്കുമെന്നാണ് നബിﷺ പഠിപ്പിക്കുന്നത്.




## സച്ചരിത സമൂഹം; ആദർശവും പ്രയോഗവും

# ISM ഹദീഥ് സെമിനാർ

WISDOM
GLOBAL ISLAMIC MISSION

ഒക്ടോബർ–ഡിസംബർ (ജില്ലാ കേന്ദ്രങ്ങളിൽ)

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on Nov 04 2017

Reg NO: KL/CT/225/2016-18
Price: ₹10/-


മലയാളിയുടെ
നേർവായനക്ക്
ഒരു വയസ്സ്...

WISDOM
GLOBAL ISLAMIC MISSION



പ്രമാണങ്ങൾക്കൊപ്പം
ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജ്ജവം
വേറിട്ട വായനാനുഭവം

വാർഷിക വരിസംഖ്യ
₹540
പ്രചാരണ മാസത്തിൽ
₹500

നേർപഥം
വാരിക
നേരിന്റെ വരമൊഴി

വരി ചേരുക,
വായിക്കുക...

പ്രചാരണ മാസം
2017 നവം: 10 - ഡിസം: 10

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com